

# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 28 ജൂൺ 2026 ലക്കം 6 Price: 20

# BISHOP'S PROGRAMME

## June 2026

| | | | | | |
|---|---|---|---|---|---|
| 1 - 2 | | Changanassery | 14 | | Kottakkal |
| 3 -4 | | KCBC | 15 | | Office Day |
| 5 | | Kanjirapally | 19 | 18.00 | Pulloorampara |
| 6 | 09.00 | Venappara | 21 | | Mavoor |
| | 11.00 | Thamarassery | 22 | | Office Day |
| | 12.00 | Thamarassery | 23 | 10.00 | Korangad |
| | 16.00 | Mankada | 25 | 06.30 | Mariyapuram |
| 7 | | Valamboor | 26 | 18.00 | Pulloorampara |
| 8 | | Office Day | 27 | 10.00 | Vettilappara |
| 9 | 10.00 | Thamarassery | | 18.00 | PMOC |
| 11 | 11.00 | Thamarassery | 28 | | Muthappanpuzha |
| 12 | 06.30 | PMOC | 29 | | Office Day |
| 13 | 10.30 | Thamarassery | | | |

## താമരമൊട്ടുകൾ

Thamarassery Diocesan Bulletin


**June 2026**

**Volume: 28 - Issue 06**



**Chief Editor**

**Chancellor**

**Diocese of Thamarassery**

Thamarassery, Kozhikode - 673 573

Tel: 0495 - 2223376, 2963370

email: diocesetmy09@gmail.com

www.thamarassserydiocese.com


## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആശംസകൾ | 370 |
| 2. | പ്രോഗ്രാം | 372 |
| 3. | സർക്കുലർ 09/2026 | 373 |
| 4. | സർക്കുലർ 10/2026 | 377 |
| 5. | സർക്കുലർ 11/2026 | 379 |
| 6. | സർക്കുലർ 08/2026 | 382 |
| 7. | കച്ചേരിക്കാര്യം | 384 |
| 8. | പാവനസ്മരണയ്ക്ക് | 389 |
| 9. | ആദരാഞ്ജലികൾ | 390 |
| 10. | വിശ്വാസപരിശീലനം | 394 |
| 11. | സെമിനാരി വാർത്തകൾ | 397 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 399 |
| 13. | സ്മാർട്ട് | 402 |
| 14. | ജീസസ് ഫ്രട്ടേണിറ്റി | 403 |
| 15. | കെസിവൈഎം-എസ്എംവൈഎം | 404 |
| 16. | ബഥാനിയ ധ്യാനകേന്ദ്രം | 405 |
| 17. | മീഡിയ കമ്മീഷൻ | 408 |
| 18. | മരിയൻ പ്രോലൈഫ് | 411 |
| 19. | കരിസ്മാറ്റിക് മൂവ്മെന്റ് | 412 |
| 20. | ബൈബിൾ അപ്പസ്തോലേറ്റ് | 413 |
| 21. | ക്രിസ്റ്റീൻ മിനിസ്ട്രി | 414 |
| 22. | കരുണാഭവൻ | 414 |
| 23. | എയ്ഡർ എഡ്യൂകെയർ | 415 |
| 24. | അൽഫോൻസ കോളേജ് | 418 |
| 25. | വിദ്യാഭ്യാസരംഗം | 419 |
| 26. | സ്റ്റാർട്ട് | 422 |
| 27. | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 424 |
| 28. | വികസനവേദി | 425 |
| 29. | തീർഥയാത്രകൾ | 434 |
| 30. | ഇൻഫാം | 435 |
| 31. | യേശുനിധി | 436 |
| 32. | അജപാലനകുറിപ്പുകൾ | 437 |






# Birthday Greetings

**Rev. Fathers**

| | | |
|---|---|---|
| Pannikottu Augustine | June | 6 |
| Madathikunnel Varghese | | 11 |
| Maliyeckal Joseph | | 13 |
| Pulickal Sibi Kurian | | 14 |
| Koonanickal Joseph | | 14 |
| Thekkumkattil Joseph | | 15 |
| Thuravackal Augustine | | 19 |
| Chakkummoottil Philip | | 21 |
| Kocheelath Abraham | | 28 |
| Nirappel Mathew | | 28 |
| Purathoottu Joseph | | 29 |
| Vattottutharappel Thomas | | 29 |
| Vadakkel Joseph | | 30 |

**Mar Remigiose Inchananiyil**




# Feast Day Greetings

**Rev. Fathers**

| | | |
|---|---|---|
| Chennikkara Antony | June | 13 |
| Karikunnel Antony | | 13 |
| Purayidam Antony | | 13 |
| Varakil Antony | | 13 |
| Nandalath Johnson | | 24 |
| Kizhakkekunnel Simon | | 29 |
| Poovathinkal Paul | | 29 |
| Poothermannil Peter | | 29 |
| Vallopilly Simon | | 29 |

**Mar Remigiose Inchananiyil**



# പ്രോഗ്രാം

**ജൂൺ 2026**

01 തിങ്കൾ വി. ജസ്റ്റിൻ

04 വ്യാഴം **പരി. കുർബാനയുടെ തിരുന്നാൾ**

05 വെള്ളി ബഥാനിയ: ഏകദിന കൺവെൻഷൻ

06 ശനി FST

07 ഞായർ മതബോധനം: വർഷാരംഭം

08 തിങ്കൾ **വി. മറിയം ത്രേസ്യ**

09 ചൊവ്വ **മാർ അപ്രേം**

11 വ്യാഴം **മാർ മങ്കുഴിക്കരിപ്പിതാവിന്റെ ചരമവാർഷികം (1994)**
ചരമദിനം: ഫാ. അരഞ്ഞാണിപുത്തൻപുര (2005)
പ്രീകാനാ കോഴ്സ് (11-13)

12 വെള്ളി **ഈശോയുടെ തിരുഹൃദയത്തിരുനാൾ,**
ബഥാനിയ: ഏകദിന കൺവെൻഷൻ,
ജീവിത വിശുദ്ധീകരണ ധ്യാനം (12-15)

13 ശനി **മാതാവിന്റെ വിമലഹൃദയത്തിരുനാൾ**
**വി. അന്തോണീസ്**
പാസ്റ്ററൽ കൗൺസിൽ
KCYM: അർദ്ധവാർഷിക സെനറ്റ്

19 വെള്ളി ചരമദിനം: ഫാ. പോൾ മൂശാരിയേട്ട് (2006)
ചരമദിനം: ഫാ. സെബാസ്റ്റ്യൻ പൂക്കുളം (2024)
ബഥാനിയ: ഏകദിന കൺവെൻഷൻ

21 ഞായർ ചരമദിനം: ഫാ. ജോസഫ് അടിപ്പുഴ (2008)

22 തിങ്കൾ KCYM: വി. തോമസ് മൂർ ദിനം

24 ബുധൻ ചരമദിനം: മോൺ.സി.ജെ.വർക്കി കുഴിക്കുളത്തിൽ (2009)

26 വെള്ളി ബഥാനിയ: ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം (26-29)
മദ്യവിരുദ്ധസമിതി: ലഹരിവിരുദ്ധ ദിനാചരണം

29 തിങ്കൾ **വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ**

# വിശ്വാസപരിശീലനവർഷം
## 2026-27

*സർക്കുലർ 09/2026*

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

വിനോദവും വിശ്രമവും നിറഞ്ഞ വേനലവധിക്കാലം പൂർത്തിയാക്കി പഠനത്തിന്റെയും വായനയുടെയും ലോകത്തിലേക്ക്, കലാലയത്തിലേക്ക്, നമ്മുടെ കുട്ടികൾ തിരികെ പ്രവേശിക്കാൻ ഒരുങ്ങുകയാണല്ലോ. അക്ഷരമുറ്റത്തേക്ക് അത്ഭുതത്തോടെ ആദ്യചുവടുകൾ വയ്ക്കാൻ തയാറെടുക്കുന്ന കുഞ്ഞുങ്ങളെയും വാത്സല്യപൂർവം ഈയവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു. എല്ലാ വിദ്യാർഥികൾക്കും പ്രതീക്ഷകൾ നിറഞ്ഞ അധ്യയനവർഷം ആശംസിക്കുന്നു. അതോടൊപ്പം, ജൂൺ 7 ഞായറാഴ്ച മുതൽ പുനരാരംഭിക്കുന്ന, മതബോധനം എല്ലാ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ദൈവാനുഗ്രഹത്തിന്റെയും കൃപയുടെയും വർഷമാകട്ടെയെന്നു പ്രാർഥിക്കുകയും ചെയ്യുന്നു.

"അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2,5) എന്ന തിരുവചനമാണ് 2026-27 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം. ഈശോ ആദ്യാത്ഭുതം പ്രവർത്തിച്ച കാനായിലെ കല്യാണവിരുന്നിൽ, അമ്മയായ പരിശുദ്ധമറിയം പരിചാരകരോടു പറയുന്ന വചനമാണിത്. ക്രിസ്തുവചനത്തിൽ, ജീവനും ശക്തിയും ജീവിതപ്രശ്നങ്ങൾക്ക് ഉത്തരവുമുണ്ട്. തിരുവചനം ആഴത്തിലറിയാനും, അവയെ സ്നേഹിക്കാനും, വചനത്തിനു സാക്ഷ്യം വഹിക്കാനും ഓരോ ക്രൈസ്തവനും കടമയുണ്ട്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നതുപോലെ, നമ്മുടെ ആത്മീയതയുടെ അടിത്തറയും അടിസ്ഥാനവുമായി തിരുവചനം മാറട്ടെ. വിശുദ്ധവചനങ്ങളുടെ മുൻപിൽ നാം പ്രണമിക്കുകയും അവയെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുമ്പോൾ

പരിശുദ്ധഅമ്മയുടെ കാനായിലെ അഭ്യർഥന നമ്മുടെ ജീവിതത്തിൽ അന്വർഥമാകും.

തിരുവചനത്തെ അറിയാനും സ്നേഹിക്കാനുമുള്ള പരിശ്രമങ്ങൾക്ക് പ്രാധാന്യം നൽകുന്ന പുതിയ വിശ്വാസപരിശീലന വർഷത്തിൽ നിരവധി കർമ്മപദ്ധതികൾ പാഠ്യപദ്ധതിയോടൊപ്പം ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രസക്തമാണ്, ആയിരം ദിവസങ്ങൾ കൊണ്ട് എല്ലാ കുട്ടികളും വി.ഗ്രന്ഥം ആദ്യന്തം വായിക്കാൻ സഹായിക്കുന്ന Bible Journey എന്ന വചന വായന പദ്ധതി. നിങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്ന പ്രസ്തുത ഉദ്യമത്തിലൂടെ കുട്ടികളും മാതാപിതാക്കളും വിശ്വാസപരിശീലകരും സമ്പൂർണ്ണ ബൈബിൾ ധ്യാനാത്മകമായി വായിക്കാൻ ശ്രമിക്കണമെന്നു സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ദൈവവചനത്തെകുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെകുറിച്ചുള്ള അജ്ഞതയാണെന്ന് സഭാപിതാവായ വി. ജെറോം പഠിപ്പിക്കുന്നുണ്ട്. വചനത്തെ വിചിന്തന വിധേയമാക്കുന്നവർ ഈശോയെ ആഴത്തിലറിയുന്നവരാണ്. ജീവിതത്തിന്റെ പ്രതിസന്ധികളിലും ആപത്ഘട്ടങ്ങളിലും ആത്മധൈര്യവും പ്രതീക്ഷയും സാന്ത്വനവുമേകുന്നതാണ് തിരുവചനം. നിങ്ങളുടെ ബാഗിൽ സുവിശേഷം എപ്പോഴും കരുതുകയും, ഒരു വചനഭാഗം എല്ലാ ദിവസവും വായിക്കുകയും ചെയ്യുക എന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തത്, നമ്മുടെ ആത്മീയ ജീവിതത്തെ പടുത്തുയർത്താൻ ദൈവ വചനത്തിനു അത്രമാത്രം സ്വാധീനമുണ്ടെന്നു തിരിച്ചറിഞ്ഞതുകൊണ്ടാണ്. പാറമേൽ പണിത ഭവനം പോലെ നമ്മുടെ ജീവിതത്തെ വചനത്താൽ പടുത്തുയർത്താൻ, വിശ്വാസ പരിശീലന വർഷത്തിലെ തിരുവചനാധിഷ്ഠിതമായ കർമ്മപദ്ധതികളിലൂടെ സഹായകമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാദിവസവും താല്പര്യത്തോടെ, ദൈവവചനം വായിക്കുന്ന ഉത്തമശീലം അധ്യാപകരും, മാതാപിതാക്കളും, കുട്ടികളും വളർത്തിയെടുക്കാൻ പരിശ്രമിക്കുമല്ലോ. അനുദിനം ഭക്ഷണം കഴിക്കുന്നതുപോലെ ആത്മീയ ഭക്ഷണമായ വചനവും നമുക്ക് ഭക്ഷിക്കാം. ദൈവവചനം വിശ്വാസികളുടെ ആത്മീയ ഭക്ഷണവും

ശക്തിയുമാണെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത് ഈ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലാണ് (ദൈവാവിഷ്കരണം *21*). തിരുവചനം, അത് വായിക്കുന്നവനോടൊപ്പം വളരുന്നു എന്ന് മഹാനായ വി. ഗ്രിഗറിയും അനുദിനമുള്ള ദൈവവചന വായന പാപത്തിനെതിരായ പ്രതിരോധമാണെന്ന് വി. ജോൺ ക്രിസോസ്തോമും നല്കിയ പ്രബോധനങ്ങൾ വചനത്തിന്റെ ഉപാസകരാകാൻ നമുക്ക് എന്നും വെളിച്ചമാകട്ടെ.

വിശ്വാസത്തിന്റെ ആദ്യ പ്രഘോഷകരെന്ന് മാതാപിതാക്കളെ രണ്ടാം വത്തിക്കാൻ സൂനഹദോസ് സംബോധന ചെയ്യുന്നുണ്ട് *(ജനതകളുടെ പ്രകാശം 11).* വിശ്വാസം കൈമാറാൻ, പ്രഥമവും പ്രധാനവുമായ ചുമതലയുള്ള അവർ, കൈമാറികിട്ടിയ വിശ്വാസം ജാഗരൂകതയോടെ അടുത്ത തലമുറയിലേക്ക് നല്കുവാനുള്ള ക്രിസ്തീയ ഉത്തരവാദിത്വം വഹിക്കുന്നവരാണ്. ഈ വിശ്വാസ കൈമാറ്റം ഒരു പ്രത്യേക സമയത്ത് മാത്രം അനുവർത്തിക്കേണ്ട ശുശ്രൂഷ എന്നതിനേക്കാൾ വീട്ടിലായിരിക്കുമ്പോഴും, യാത്ര ചെയ്യുമ്പോഴും, അനുദിന ജീവിതത്തിലെ ഓരോ നിമിഷത്തിലും മാതാപിതാക്കന്മാർ ശ്രദ്ധയോടെ നിർവഹിക്കേണ്ടതാണ്. ക്രൈസ്തവ ജീവിതത്തിലേക്കുള്ള പ്രഥമ വിദ്യാലയവും കുടുംബമാണല്ലോ. അവയ്ക്ക് നേതൃത്വം നല്കുന്ന മാതാപിതാക്കൾ വിശ്വാസകൈമാറ്റത്തിൽ ഗൗരവും തീക്ഷണവുമായ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു

മാതാപിതാക്കൾ ജാഗരൂകതയോടെ വിശ്വാസം കൈമാറിയ കുടുംബങ്ങളിലെ മക്കൾ പുണ്യത്തിലും വിശുദ്ധിയിലും വളർന്ന് ദൈവത്തിന്റെ പ്രിയപ്പെട്ടവരായി മാറിയ ധാരാളം സംഭവങ്ങൾ തിരുസഭയുടെ ചരിത്രത്തിലുണ്ട്. വി. കൊച്ചുത്രേസ്യയും അവളുടെ സഹോദരങ്ങളും പുണ്യത്തിലും വിശുദ്ധിയിലും വളർന്ന് തിരുസഭാരാമത്തിലെ പുണ്യപുഷ്പങ്ങളായിത്തീർന്നത് മാതാപിതാക്കളായ വി. ലൂയി മാർട്ടിനും വി. സെലിഗ്വെരിനും ശ്രദ്ധയോടെ തങ്ങളുടെ മക്കളെ വിശ്വാസം പരിശീലിപ്പിച്ചതുകൊണ്ടാണ്. ധന്യരായ ഈ മാതാപിതാക്കളുടെ മാതൃക നമ്മുടെ കുടുംബങ്ങൾക്കു പ്രചോദനമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

'ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ, അവരെ

തടയരുത്' (മത്താ 19,14) എന്ന ഈശോയുടെ കല്പന തിരുവചനത്തിന്റെ സമ്പന്നതയിലേക്ക് കടന്നുവരാനുള്ള ക്ഷണമാണ്. വചനത്തോടുള്ള ആഭിമുഖ്യത്തിൽ വളരാൻ 2026-27 അധ്യയനവർഷത്തിൽ നമുക്ക് സാധിക്കട്ടെ. തിരക്കുകൾക്കിടയിലും കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിനായി ജീവിതം സമർപ്പിച്ച എല്ലാ അധ്യാപകരെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. വിശ്വാസ കൈമാറ്റ പ്രക്രിയയിൽ പങ്കുകാരാകാൻ ഈശോയാണ് നിങ്ങളെ ക്ഷണിക്കുന്നത്. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം! അത് എന്റെ കടമയാണ്' (1 കോറി 9,16) എന്ന വി. പൗലോസ് ശ്ലീഹായുടേതിനു സമാനമായ നിങ്ങളുടെ മനോഭാവത്തെയും ദൈവത്തോടുള്ള വിശ്വസ്തതയെയും കർത്താവ് പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും ഒരിക്കൽക്കൂടി ദൈവാനുഗ്രഹപ്രദമായ വിശ്വാസ പരിശീലന വർഷാരംഭം ആശംസിക്കുന്നു. "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ 119,105) എന്ന സങ്കീർത്തനം, വചനത്തോടുള്ള സ്നേഹത്തിലും അറിവിലും വളരാൻ നമുക്ക് എന്നും ശക്തി പ്രദാനം ചെയ്യട്ടെ.

വചനത്തെ ഉപാസിച്ച പരിശുദ്ധ കന്യകമറിയവും വചനത്തിന്റെ കാവൽക്കാരനായ വി. യൗസേപ്പും വചനത്തിന് നൂറുമേനി വിളവ് നല്കിയ വി. അൽഫോൻസയും വചനത്തെ ആശ്ലേഷിക്കാനും പ്രണയിക്കാനും നിങ്ങൾക്ക് സഹായകമാകട്ടെ.

സ്നേഹപൂർവം,

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 മെയ് 31-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഓർമ്മദിനം

*സർക്കുലർ 10/2026*

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, വത്സലകുഞ്ഞുങ്ങളേ,

നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം ധന്യമായ ഒരു ജീവിതത്തിന്റെ ഓർമ്മകളുയരുന്ന മാസമാണ് ജൂൺ. ദാർശനികർക്കിടയിലെ മെത്രാനായും മെത്രാൻമാർക്കിടയിലെ ദാർശനികനായും, കേരള സഭയ്ക്ക് പൊതുവായും താമരശ്ശേരി രൂപതയ്ക്ക് പ്രത്യേകമായും അഭിമാന പാത്രമായ മങ്കുഴിക്കരി പിതാവിന്റെ ഓർമ്മദിനം ഈ മാസം 11 ന് ആചരിക്കുകയാണ്. അഗാധമായ പാണ്ഡിത്യവും തീക്ഷണമായ ക്രിസ്തു സ്നേഹവും ലാളിത്യം നിറഞ്ഞ ജീവിതവും അദ്ദേഹത്തെ പൊതുസ്വീകാര്യനാക്കി. അഭിവന്ദ്യ പിതാവിന്റെ നിലപാടുകളിലെ നിഷ്ഠയും ആരേയും ആകർഷിക്കുന്ന പ്രഭാഷണ ശൈലിയും പ്രവാചക കാഴ്ചപ്പാടുകളും കേരള സഭയുടെ പ്രയാണത്തിൽ ഊർജ്ജദായകമായിരുന്നു.

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ എന്ന നിലയിൽ ഭൗതികമായ ഇല്ലായ്മകളിലേക്കാണ് അദ്ദേഹം കടന്നുവന്നത്. പരിമിതികളെ അദ്ദേഹം ലാളിത്യം കൊണ്ട് നിറവുകളാക്കുകയും കാർഷിക കുടിയേറ്റ ഭൂമികയ്ക്ക് നവചൈതന്യം നൽകുകയും ചെയ്തു. ഭരണകാര്യാലയവും വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളും വൈദിക പരിശീലന കേന്ദ്രവും സ്ഥാപിച്ചുകൊണ്ട് രൂപതയ്ക്ക് ശക്തമായ അടിത്തറ പാകി. ഭാവിസാധ്യതകളെ മുന്നിൽ കണ്ടും പൊതുസമൂഹത്തെ ഉൾക്കൊണ്ടുമുള്ള കർമ്മ പദ്ധതികളാണ് മങ്കുഴിക്കരി പിതാവിന്റെ നേതൃത്വത്തിൽ സാധ്യമാക്കിയത്. അഭിവന്ദ്യ പിതാവ് സ്ഥാപിച്ച ശക്തമായ അടിത്തറയാണ് നമ്മുടെ 40 വർഷത്തെ തീർഥാടനത്തിന്റെ ശക്തിസ്രോതസ്സ്. ആ സമർപ്പണത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലം അനുഭവിക്കുന്ന നമ്മൾ, വന്ദ്യപിതാവിനോടുള്ള

സ്നേഹവും കടപ്പാടും ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് മങ്കുഴിക്കരി പിതാവുവഴി രൂപതയ്ക്കും നമുക്കും ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവ സന്നിധിയിൽ നന്ദിയർപ്പിക്കണം.

അഭിവന്ദ്യ മങ്കുഴിക്കരി പിതാവിന്റെ ഓർമദിനമായ ജൂൺ 11ന്, വിശുദ്ധ കുർബാനയും അനുസ്മരണ ശുശ്രൂഷകളും രാവിലെ 10.30ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടത്തുന്നതാണ്. അന്നേ ദിവസം സാധിക്കുന്ന വൈദികരും സന്യസ്തരും വിശ്വാസികളും അനുസ്മരണ ശുശ്രൂഷകളിൽ പങ്കുചേർന്നു പ്രാർഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും കഴിയുന്നത്ര ദൈവജന പങ്കാളിത്തത്തോടെ ജൂൺ 11 നോ, അതിനടുത്ത ദിവസങ്ങളിലോ അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാനയും, ഒപ്പീസും നടത്താൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

യുഗാന്ത്യോന്മുഖമായ നമ്മുടെ യാത്രയിൽ ഓർമ്മയും ഓർമ്മപ്പെടുത്തലുമാണ് സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ജീവിത ദർശനങ്ങൾ. അഭിവന്ദ്യ പിതാവിന്റെ ദീപ്ത സ്മരണകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, ദൈവസന്നിധിയിൽ പിതാവിനുവേണ്ടി പ്രാർഥിച്ചുകൊണ്ടും,

സ്നേഹപൂർവം,

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2026 ജൂൺ 7-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# വൈദികരുടെ വാർഷികധ്യാനം

*സർക്കുലർ 11/2026*

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, വത്സലകുഞ്ഞുങ്ങളേ,

രൂപതയിൽ അജപാലനരംഗത്ത് നേതൃത്വം നല്കുന്നവരാണ് നമ്മുടെ പ്രിയപ്പെട്ട വൈദികർ. ദൈവജനത്തെ വചനത്താലും കൂദാശയാലും നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പുരോഹിതർ എല്ലാവർഷവും ഏതാനുംദിനങ്ങൾ തിരുവചനധ്യാനത്തിനും വിചിന്തനത്തിനുമായി ചിലവഴിക്കാറുണ്ട്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ സ്വർഗീയ പ്രവേശനത്തിന്റെ ജൂബിലിയും സീറോ മലബാർ സഭയിൽ സമുദായ ശക്തീകരണവും ആചരിക്കുന്ന ഈ വർഷം, ആദിസഭയുടെ ചൈതന്യത്തിൽ ദൈവജനത്തെ ഒരു ഹൃദയവും ഒരാത്മാവുമായി പടുത്തുയർത്താനും (അപ്പ 4,32) ദരിദ്രരുമായി പങ്കുവയ്ക്കാനുമുള്ള കാലഘട്ടത്തിന്റെ വിളിയോട് (മത്താ 25,40) പ്രത്യുത്തരിച്ച് ദൈവാത്മാവിൽ പവിത്രീകരിക്കപ്പെടാനും എല്ലാ വൈദികർക്കും വാർഷികധ്യാനത്തിലൂടെ സാധിക്കട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം. ജൂലൈ 5 മുതൽ 9 വരെ രൂപതയുടെ നവീകരണ കേന്ദ്രമായ ബഥാനിയായിലാണ് വൈദികരുടെ വാർഷികധ്യാനം ഒരുക്കിയിരിക്കുന്നത്. പ്രസ്തുത ദിനങ്ങളിൽ വിചിന്തനത്തിലും നിശബ്ദതയിലുമായിരിക്കുന്ന പുരോഹിതരെ സമർപ്പിച്ച് പ്രാർഥിക്കണമെന്നു നിങ്ങളോട് ഞാൻ അഭ്യർഥിക്കുന്നു.

ദൈവജനത്തിന്റെ പ്രതീക്ഷകളും ഭാരങ്ങളും വഹിക്കുന്നവരാണ് വൈദികർ. വിശ്വാസസമൂഹത്തിന്റെ ആത്മീയകാര്യങ്ങൾക്ക് കുറവുവരുത്താതെ സമൂഹത്തിന്റെ സമഗ്രവികസനത്തിനും ഭൗതികസാഹചര്യങ്ങളുടെ ഉന്നമനത്തിനും ശ്രമിക്കുന്ന നല്ലിടയരാണവർ. വർധിച്ചുവരുന്ന കുടിയേറ്റം, യുവതലമുറയുടെ

അഭാവം, വയോധികർക്കും രോഗികൾക്കുമായി നൂതനമായ അജപാലന സംവിധാനങ്ങൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത, കാർഷികമേഖലയിലെ തളർച്ച, സമൂഹത്തിൽ വർധിച്ചുവരുന്ന വർഗീയതയും അസഹിഷ്ണുതയും: തുടങ്ങിയ വെല്ലുവിളികളെല്ലാം സമുദായത്തിനും സമൂഹത്തിനും നേതൃത്വം നല്കുന്ന വൈദികരുടെ വ്യക്തിജീവിതത്തെയും ശുശ്രൂഷയെയും തീവ്രമായി ഭാരപ്പെടുത്താൻ സാധ്യതയുണ്ട്. ജീവിതത്തിന്റെ ഉയർച്ച-താഴ്ചകളിൽ, വിശ്വാസത്തെ വിസ്മരിച്ചും ദൈവസ്നേഹത്തെ അവഗണിച്ചും സ്വയം മറന്നുപോകുന്ന, ആത്മാവ് ദുർബലമാകുന്ന സന്ദർഭങ്ങളും പുരോഹിതർ അഭിമുഖീകരിക്കാറുണ്ട്. “ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല” (ഏശ 40,31): ഈ തിരുവചനം അജപാലനപ്രവർത്തനങ്ങളിൽ ആത്മീയനിറവായി പുരോഹിതരെ ശക്തിപ്പെടുത്തട്ടെയെന്ന് പ്രാർഥിക്കുന്നു. കയ്പും കണ്ണീരും നിറഞ്ഞ കനൽവഴികളിൽ ദൈവത്തിൽ ശരണപ്പെട്ട് ശക്തിപ്പെടാൻ പ്രിയപ്പെട്ട വൈദികർക്ക് തുണയാകുന്നത് വാർഷികധ്യാനത്തിലൂടെ ലഭിക്കുന്ന ആത്മാഭിഷേകത്തിലൂടെയാണ്.

ഇറ്റലിയിലെ നേപ്പിൾസിൽ അജപാലനസന്ദർശനം നടത്തുമ്പോൾ പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ വൈദികർക്ക് നല്കിയ സന്ദേശത്തിൽ ഇപ്രകാരം ആവശ്യപ്പെട്ടു, “വൈദികരേ, നിങ്ങൾ പ്രാർഥനയിലൂടെ ദൈവവുമായുള്ള ആത്മബന്ധം പരിപോഷിപ്പിക്കാൻ പ്രഥമമായ പരിഗണന നല്കുക. ആത്മാവിനാൽ നിങ്ങൾ പ്രകാശിതമാകുന്നതിനുവേണ്ടി, അന്തരാത്മാവിൽ ദൈവം നിങ്ങളോട് സംസാരിക്കുന്നത് ശ്രവിക്കാൻ പരിശ്രമിക്കുക. ജീവിതതിരക്കുകൾക്ക് വിരാമമിട്ടുകൊണ്ട് അതിനായി സമയം കണ്ടെത്താൻ നിങ്ങൾ വിമുഖത കാണിക്കരുത്.” ഇടവകയുടെയും ഇതര ഉത്തരവാദിത്വങ്ങളുടെയും തിരക്കുകളിൽ നിന്നകന്ന് വിചിന്തനത്തിനും നിശബ്ദതയ്ക്കുമായി മാറ്റി വയ്ക്കുന്ന ധ്യാനദിനങ്ങൾ പ്രതിബന്ധങ്ങളെ സമചിത്തതയോടെ നേരിടാനും വ്യക്തിപരവും വ്യക്തിത്വപരവുമായ കുറവുകളെ കണ്ടെത്തി സ്വയം നവീകരിക്കാനും ശക്തി നല്കുന്ന കൃപയുടെ വിരുന്നാകട്ടെ. ധ്യാനദിനങ്ങളിൽ പ്രിയ

പ്പെട്ട വൈദികർക്കായി നിങ്ങൾ പ്രാർഥിക്കുകയും സാധിക്കുന്നവർ ഒരു നേരമെങ്കിലും ഉപവസിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവം ഞാൻ അഭ്യർഥിക്കുന്നു.

വൈദികരുടെ ഈ വർഷത്തെ ധ്യാനം നയിക്കുന്നത് ഷംഷാബാദ് അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ പ്രിൻസ് പാണേങ്ങാട നാണ്. അഭിവന്ദ്യപിതാവിനെയും വാർഷിക ധ്യാനം നടക്കുന്ന ബഥാനിയ സെന്ററിനെയും നിങ്ങൾ പ്രാർഥനമധ്യേ പ്രത്യേകം അനുസ്മരിക്കണം.

“കർത്താവ് അഭിഷേകത്തിലൂടെ ജനക്കൂട്ടത്തിൽനിന്നു ഒരുവനെ തന്റെ ജനത്തിനു നേതാവും അധ്യാപകനും ദൈവികരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനുമായി മാറ്റിനിറുത്തുന്നതാണ് പൗരോഹിത്യമെന്ന്” സഭാപിതാവായ നിസ്സായിലെ വി. ഗ്രിഗറി പഠിപ്പിക്കുന്നു. നമ്മുടെ വൈദികരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ തികഞ്ഞ സ്നേഹത്തോടും അർപ്പണബോധത്തോടുംകൂടി നിർവ്വഹിക്കാൻ ഈ വാർഷിക ധ്യാനാവസരം അവരെ ശക്തിപ്പെടുത്തട്ടെയെന്നു പ്രാർഥിക്കുന്നു.

പരിശുദ്ധ കന്യകാമറിയവും, വി. അൽഫോൻസയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും ദൈവസന്നിധിയിൽ ഈ ധ്യാനവിജയത്തിനായി മധ്യസ്ഥമാകട്ടെ. ഏവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവം,

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY

*ഈ സർക്കുലർ 2026 ജൂൺ 28 തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.*

# പന്തക്കുസ്താത്തിരുനാൾ
# മെയ് 24

*സർക്കുലർ 08/2026*

*മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,*

ഉയിർപ്പുകാലത്തിന്റെ പൂർത്തീകരണമായ പന്തക്കുസ്താത്തിരുനാളിന്റെ ആത്മീയ ചൈതന്യത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ സഭ ജന്മമെടുത്ത ഈ ധന്യനിമിഷം, ആദിമസഭാംഗങ്ങളെപ്പോലെ പരിശുദ്ധാത്മാവിന്റെ കൃപയാൽ ശക്തിപ്പെട്ട് ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷ്യമാകാനുള്ള വിളി അനുസ്മരിക്കുന്ന സന്ദർഭമാണിത്. ഈ വർഷം മെയ് 24-ാം തീയതി പന്തക്കുസ്താതിരുനാൾ ആചരിക്കുമ്പോൾ വിശ്വാസജീവിതത്തെ നവീകരിച്ച് ശക്തിപ്പെടാൻ നമുക്ക് സാധിക്കട്ടെ.

“മക്കൾക്ക് നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ സ്വർഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ല” (ലൂക്ക 11,13): ഈശോയുടെ ഈ വചനം തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് ദൈവം സമൃദ്ധമായി നല്കാൻ ആഗ്രഹിക്കുന്ന പരിശുദ്ധ റൂഹായെ സ്വീകരിക്കാനും ആത്മാവിന്റെ പ്രവർത്തനങ്ങൾക്കായി തീവ്രമായി അഭിലഷിക്കാനും നമ്മെ ക്ഷണിക്കുന്നു. തളർന്നുപോയ മനുഷ്യ മനസ്സുകളിലേക്ക് ജീവശ്വാസം പകരുന്ന ദൈവിക സാന്നിധ്യമാണ് പരിശുദ്ധാത്മാവ്. “ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ നിക്ഷേപിക്കും, നിങ്ങൾ ജീവിക്കും” (എസെ 37,14) എന്ന പഴയനിയമ വാഗ്ദാനം പന്തക്കുസ്തായിലൂടെ ഇന്നും നമ്മിൽ സജീവ മാകുന്നു. “ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ” (ലൂക്കാ 24,49): ഈ ക്രിസ്തു വചനം സ്മരിച്ചുകൊണ്ട്, ശ്ലീഹന്മാർക്കൊപ്പം പ്രാർഥനാപൂർവം നമുക്കും ആത്മാവിന്റെ പ്രവർത്തനങ്ങൾക്കായി ഹൃദയങ്ങൾ തുറക്കുകയും യുദ്ധവും

അശാന്തിയും നിറഞ്ഞ ഇന്നത്തെ ലോകത്ത് പ്രത്യാശയുടെ തിരിനാളങ്ങളായി മാറുകയും ചെയ്യാം. അപരന്റെ ദുഃഖങ്ങളിൽ പങ്കുചേരാനും, നിരാശയിൽ കഴിയുന്നവർക്ക് സാന്ത്വനമേകാനും പന്തക്കുസ്താനുഭവം നമ്മെ പ്രാപ്തരാക്കുന്നു.

പ്രാരംഭകൂദാശകളിലൂടെ ലഭിച്ചിരിക്കുന്ന ആത്മാവിന്റെ കൃപാവരത്തെ പന്തക്കുസ്താത്തിരുനാൾ ആചരണത്തിൽ ഉജ്ജ്വലിപ്പിക്കാനുള്ള ക്രൈസ്തവരായ നമ്മുടെ കടമ എന്നും പ്രസക്തമാണ്. അതിനായി വ്യക്തിപരമായി തയ്യാറാകുന്നതോടൊപ്പം ആത്മാഭിഷേകത്തിനായി സഹോദരങ്ങളെ പ്രാർഥനാപൂർവം ശക്തിപ്പെടുത്താനും നമുക്ക് സാധിക്കട്ടെ. പന്തക്കുസ്താത്തിരുനാളിനു മുന്നോടിയായി എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും 9 ദിവസത്തെ പ്രത്യേക പ്രാർഥനകൾ ഭക്തിപൂർവം നടത്തണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ജീവിതഭാരങ്ങളാൽ തളർന്നവർക്കും, രോഗികൾക്കും, നിരാശയുടെ നിഴലിൽ കഴിയുന്നവർക്കും ആശ്വാസത്തിന്റെ കുളിർമഴയായി പരിശുദ്ധാത്മാവ് പെയ്തിറങ്ങട്ടെ.

സീറോ മലബാർ സഭയിൽ സമുദായ ശക്തീകരണവർഷമായി 2026 ആചരിക്കുമ്പോൾ രൂപതയിലെ എല്ലാ അജപാലനശുശ്രൂഷകളെയും സ്ഥാപനങ്ങളെയും അരൂപിയുടെ പ്രവർത്തനത്തിനായി നമുക്ക് പ്രതിഷ്ഠിക്കാം. സഭയുടെ ശൈശവകാലത്ത് ആദിമ വിശ്വാസികൾ എങ്ങനെ ഒരു ഹൃദയവും ഒരു ആത്മാവുമായി വർത്തിച്ചുവോ, അതുപോലെ നമ്മുടെ കുടുംബങ്ങളും കുടുംബകൂട്ടായ്മകളും ഇടവകകളും ആത്മാഭിഷേകത്താൽ സ്നേഹത്തിന്റെ കൂട്ടായ്മകളായി രൂപാന്തരപ്പെടുമ്പോൾ സമുദായ ശക്തീകരണം യാഥാർഥ്യമാകും.

ഏവർക്കും സമാഗതമായ പന്തക്കുസ്ത്താതിരുനാളിന്റെ പ്രാർഥനാമംഗളങ്ങൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,




**✠ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 മെയ് 10 ന് ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കാൻ നൽകിയത്.*




## 1. പുതിയ നിയമനങ്ങൾ

Rev. Fathers:

| | |
|---|---|
| Arayanickal Varghese CMI | Asst. Vicar, Koodathai |
| Chakkalackal Varghese CMI | Vicar, Ponniyamkurissi |
| Cheruparambil Paul CMI | Vicar, Vettathur |
| Mavara Joseph CMI | Vicar, Amalapuri |
| Manippadath Varkey OFM | Vicar, Chippilithode |
| Perumbampallil Sebastian CMI | Asst. Vicar, Amalapuri |
| Poovathinkal Paul MST | Vicar, Thenjipalam & Parappanagady |
| Thythottam Thomas OFM | Asst. Vicar, Chippilithode |

### *KCYM Mekhala Directors*

| | |
|---|---|
| Cheeramattathil Sebastian | Koorachundu |
| Chirayath Lonappan OFM Cap. | Paroppady |
| Chundayil Joseph | Perinthalmanna |
| Kalapurackal George | Mariyapuram |
| Kadukanmakkel Geo | Vilangadu |
| Pothanamuzhiyil Joseph | Thottumukkam |
| Thittayil Jacob | Maruthomkara |

### *CML Mekhala Directors*

| | |
|---|---|
| Chundayil Joseph | Perinthalmanna |
| Ezhanikatt Joseph | Malappuram |
| Kuroor Emmanuel | Maruthomkara |

| | |
|---|---|
| Kalapurackal George | Mariyapuram |
| Parappallil Thomas OSFS | Kodanchery |
| Purathoottu Joseph | Paroppady |

*SMART Mekhala Directors*

| | |
|---|---|
| Chundayil Joseph | Perinthalmanna |
| Neelamparambil Michael | Maruthomkara |
| Pothanamuzhiyil Joseph | Thottumukkam |
| Purathoottu Joseph | Paroppady |
| Pulimoottil (Jr.) Mathew | Mariyapuram |

**2. തിരുഹൃദയമാസം**

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ മാസമാണല്ലോ. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുകയും തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 12-ാം തീയതി സമുചിതമായി ആചരിക്കുകയും ചെയ്യണം

**3. എഫ്.എസ്.ടി. (ജൂൺ 6)**

രൂപതയിലെ സിസ്റ്റേഴ്സിന്റെ കൂട്ടായ്മയായ എഫ്.എസ്.ടി. ജൂൺ 6-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപത ഭവനിൽ നടക്കുന്നു. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**4. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി: ചരമവാർഷികം (ജൂൺ 11)**

ജൂൺ 11, നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 32-ാം ചരമവാർഷികമാണ്. അന്നേദിനം (വ്യാഴാഴ്ച) രാവിലെ 10.30 ന് താമരശ്ശേരി, മേരിമാതാ കത്തീഡ്രലിൽ വി. കുർബാനയും അനുസ്മരണശുശ്രൂഷകളും നടക്കുന്നു. സാധിക്കുന്ന എല്ലാവരും ചടങ്ങുകളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ചരമദിനം നേരത്തെ ഇടവകയിൽ അറിയിക്കുകയും ഇടവകകളിൽ പിതാവിനുവേണ്ടി അർപ്പിക്കപ്പെടുന്ന വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

### 5. പാസ്റ്ററൽ കൗൺസിൽ (ജൂൺ 13)

പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനം 2026 ജൂൺ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി രൂപത ഭവനിൽ ക്രമീകരിച്ചിരിക്കുന്നു. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

### 6. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ - ജൂൺ 29 കടമുള്ള ദിവസം

സീറോ മലബാർ സഭയുടെ പ്രത്യേക നിയമപ്രകാരം, വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസമായ ജൂൺ 29 കടമുള്ള ദിവസമാണെന്ന് ഓർമിപ്പിക്കുന്നു. ഇക്കാര്യം ദൈവജനത്തെ അറിയിക്കേണ്ടതും അതനുസരിച്ച് വി. കുർബാനയുടെ സമയം ക്രമീകരിക്കേണ്ടതുമാണ്.

### 7. പത്രോസിന്റെ കാശ് പിരിവ്

ആഗോളസഭയുടെ പ്രവർത്തനങ്ങളിൽ വിശ്വാസികൾ എല്ലാവരും പങ്കാളികളാകുന്നതിന്റെ ഭാഗമായി വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അന്നേദിവസമോ അതിനടുത്തുള്ള ഞായറാഴ്ചയോ വി. കുർബാനമധ്യേ സ്വരൂപിക്കുന്ന സ്തോത്രക്കാഴ്ച രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 8. ദുക്റാനത്തിരുനാൾ, സീറോ മലബാർ സഭാദിനം

നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3 കടമുള്ള ദിവസമായി നാം ആചരിക്കുന്നു. ദുക്റാനത്തിരുനാളിന് ഒരുക്കമായി ശ്ലീഹായോടുള്ള നൊവേന ചൊല്ലുന്നത് ഉചിതമാണ്. ദുക്റാന തിരുനാളിന്റെ പ്രാധാന്യം വിശ്വാസികൾക്ക് പകർന്നുകൊടുക്കുവാൻ ഇത് സഹായകരമാണ്.

നമ്മുടെ പിതാവായ വി. തോമാശ്ലീഹായുടെ തിരുനാൾ സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. സഭയ്ക്കുവേണ്ടിയും സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും ഈ ദിവസം നാം മാറ്റിവെച്ചിരിക്കുന്നു. അന്നേദിവസം വി. കുർബാനമധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സീറോ

മലബാർ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ആളൊന്നിന് 4 രൂപ പ്രകാരം ഓരോ ഇടവകയിൽ നിന്ന് സഭാദിനപ്പിരിവ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

### 9. വൈദികരുടെ വാർഷിക ധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ 2026 ജൂലൈ 5-ാം തീയതി ആരംഭിച്ച് 9-ാം തീയതി സമാപിക്കുന്ന രീതിയിൽ ഒരുക്കിയിരിക്കുന്നു. അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവാണ് ധ്യാനം നയിക്കുന്നത്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും അസൗകര്യമുണ്ടെങ്കിൽ മുൻകൂട്ടി രൂപത കാര്യാലയത്തിൽ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപത കാര്യാലയത്തെ അറിയിക്കേണ്ടതാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി സമർപ്പിക്കുമല്ലോ.

### 10. അഭിനന്ദനങ്ങൾ

റോമിലെ പ്രശസ്തമായ അന്തോണിയാനം പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് സഭാനിയമത്തിൽ ഡോക്ട്രേറ്റ് കരസ്ഥമാക്കിയ **ബഹു. ജോസഫ് കുന്നത്ത് അച്ചന്** (ലിഥിൻ ജോസ്) എല്ലാ അഭിനന്ദനങ്ങളും നേരുന്നു.

### 11. നന്ദി

രൂപതയിലെ അജപാലന ശുശ്രൂഷകൾക്കുശേഷം മാതൃഭവനത്തിലേക്ക് തിരികെ പോകുന്ന **ബഹു. തട്ടിൽ ഡേവിസ് CMI, മൂർക്കനാട്ടുകാരൻ ആന്റണി CMI, കഴുകനോലിക്കൽ ജേക്കബ് CMI, ഐനിക്കൽ ജോണി ആന്റണി OFM** എന്നീ സന്യാസ വൈദികർക്ക് രൂപത കുടുംബത്തിന്റെ നന്ദിയും നറുമലരും.

### 12. സ്വാഗതം

രൂപതയിൽ അജപാലന ശുശ്രൂഷക്കായി പുതുതായി കടന്നുവരുന്ന **ബഹു. അരയാനിക്കൽ വർഗീസ് CMI, ചക്കാലയ്ക്കൽ വർഗീസ് CMI, ചെറുപറമ്പിൽ പോൾ CMI, മാവറ ജോസഫ് CMI, മണിപ്പാടത്ത് വർക്കി OFM, തൈത്തോട്ടം തോമസ് OFM, പൂവത്തിങ്കൽ**

**സിബി MST, പെരുമ്പാംപള്ളിൽ സെബാസ്റ്റ്യൻ CMI** എന്നിവർക്ക് രൂപത കുടുംബത്തിലേക്ക് സ്വാഗതം.

**13. പുതിയ ഫോൺ നമ്പറുകൾ**

| | | |
|---|---|---|
| Fr. Anoop (Joseph) Mavara CMI | - | 8281168417 |
| Fr. Sebastian Perumpampally CMI | - | 7012373716 |
| Fr. Shinto (Varghese) Arayanickal CMI | - | 8075646568 |
| Fr. Tom (Thomas) Thythottam OFM | - | 9061904005 |
| Fr. Paul (Aneesh) Cheruparambil CMI | - | 9526543796 |
| Fr. George Chakkalackal CMI | - | 8088501942 |

**14. സ്മരണാഞ്ജലി**

| | | |
|---|---|---|
| 04-06-1985 | - | റവ. ഫാ. സിറിയക് ചെമ്മാഴം |
| 08-06-1977 | - | റവ. ഫാ. തോമസ് കോട്ടൂർ |
| 09-06-1986 | - | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. |
| 10-06-1994 | - | റവ. ഫാ. സെബാസ്റ്റ്യൻ പുളിയമ്മാക്കൽ |
| **11-06-1994** | **-** | **മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി** |
| **11-06-2005** | **-** | **റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര** |
| **19-06-2006** | **-** | **റവ. ഫാ. പോൾ മൂശാരിയേട്ട്** |
| 21-06-2001 | - | മോൺ. ജേക്കബ് വാരിക്കാട്ട് |
| **21-06-2008** | **-** | **റവ. ഫാ. ജോസഫ് അടിപുഴ** |
| 24-06-1974 | - | റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ |
| **24-06-2009** | **-** | **മോൺ. സി. ജെ. വർക്കി കുഴികുളം** |
| 25-06-1970 | - | റവ. ഫാ. ഫുൾജെൻസിയൂസ് സി.എം.ഐ. |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര
(11.06.2005)



ഫാ. പോൾ മൂശാരിയേട്ട്
(19.06.2006)



ഫാ. സെബാസ്റ്റ്യൻ പൂക്കുളം
(19.06.2024)




ഫാ. ജോസഫ് അടിപുഴ
(21.06.2008)



മോൺ. സി. ജെ. വർക്കി
കുഴികുളത്തിൽ
(24.06.2009)

# ആദരാഞ്ജലികൾ

## ഫാ. മാത്യു മറ്റക്കോട്ടിൽ



ലാളിത്യവും ഗാംഭീര്യവും സമഞ്ജസം സമ്മേളിച്ച വ്യക്തിത്വം! പതിഞ്ഞതാള ത്തിൽ പതുക്കെ പറയാൻ ഇഷ്ടപ്പെട്ട പുരോഹിതൻ! കൃത്യതയും സൂഷ്മതയും വിട്ടുവിഴ്ചയില്ലാത്ത നിലപാടുകളും നടപടികളും കൊണ്ട് അലങ്കരിച്ച പദവികൾക്ക് ആധികാരികത പകർന്ന ജീവിതം!

ശബ്ദമുഖരിതമല്ലാത്ത ജീവിതസാക്ഷ്യത്തിലൂടെ ജനതകൾക്ക് മധ്യസ്ഥനായി ദൈവതിരുമുമ്പിൽ ജീവിതം ആഘോഷിച്ച് 2026 ഏപ്രിൽ 28 ചൊവ്വാഴ്ച സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി മാത്യു മറ്റക്കോട്ടിലച്ചൻ...

1946 ഫെബ്രുവരി 27 ന് പാലാ രൂപതയിലെ മുട്ടുചിറ മറ്റക്കോട്ടിൽ മാത്യു-ഏലിക്കുട്ടി ദമ്പതികളുടെ എട്ട് മക്കളിൽ മൂത്ത മകനായി ജനനം. പാലാക്കര, മുട്ടുചിറ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം. കാട്ടാംപാക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര- തത്വശാസ്ത്രപഠനം. 1970 ഡിസംബർ 19 ന് മുട്ടുചിറ ദൈവാലയത്തിൽ, തലശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ച് പ്രഥമദിവ്യബലി അർപ്പിച്ച് ക്രിസ്തുവിന്റെ പൗരോഹിത്യഗണ ത്തിലേക്ക് ഏവർക്കും പ്രിയങ്കരനായ മാത്യു അച്ചൻ പ്രവേശിച്ചു.

1971 ൽ അവിഭക്ത തലശ്ശേരി രൂപതയിലെ സുൽത്താൻബത്തേരി ഇടവകയിൽ സഹവികാരിയായി അജപാലനം ആരംഭിച്ച മാത്യു അച്ചൻ പയ്യനാട്, മഞ്ചേരി, കുണ്ടുതോട്, തിരുമേനി, മേരിക്കുന്ന്, താമരശ്ശേരി കത്തീഡ്രൽ, കൂരാച്ചുണ്ട്, കൂമംകുളം, വാണിയമ്പലം എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 1992 ൽ താമരശ്ശേരി രൂപത കോർപ്പറേറ്റ് ഏജൻസിയുടെ അസിസ്റ്റന്റ് മാനേജരായി നിയമിക്കപ്പെട്ട മാത്യു മറ്റക്കോട്ടിലച്ചൻ, 1993 മുതൽ 1999 വരെ താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജരായും ശുശ്രൂഷ നിർവ്വഹിച്ചു.

പയ്യനാട് ഇടവക വികാരിയായി സേവനം ചെയ്യുന്നതോടൊപ്പം മഞ്ചേരി ഇടവകയും, ഊരകം, കൂമംകുളം കുരിശുപള്ളികളും മറ്റക്കോട്ടിലച്ചന്റെ അജപാലന പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി. കുമംകുളത്ത് ദൈവാലയത്തിനായി സ്ഥലം വാങ്ങിയതും താത്ക്കാലിക ആരാധനാലയം നിർമ്മിച്ച്, ഇടവകയായി ഉയർത്തപ്പെട്ടതും അച്ചന്റെ വിശ്രമമില്ലാത്ത അധ്വാനത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമായാണ്. കുമംകുളം ഇടവകയുടെ പ്രഥമ വികാരിയും മറ്റക്കോട്ടിലച്ചനായിരുന്നു. കുണ്ടുതോട് ഹൈസ്കൂളിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുകയും സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങിയെടുക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്ത മറ്റക്കോട്ടിലച്ചൻ, PT ചാക്കോ മെമ്മോറിയൽ സ്കൂളിന്റെ പ്രഥമ മാനേജരായിരുന്നു. അവിഭക്ത തലശ്ശേരി രൂപതയിലെ തിരുമേനി ഇടവകയിൽ 1984 മുതൽ 1990 വരെയുള്ള ആറ് വർഷക്കാലം സ്തുത്യർഹമായ സേവനമാണ് അച്ചൻ നിർവ്വഹിച്ചത്. ആത്മീയ- ഭൗതിക - വിദ്യാഭ്യാസ വളർച്ചക്ക് ഉപകരിക്കുന്ന ഗ്രോട്ടോ, ബാങ്ക്, ഹൈസ്ക്കൂളിനാവശ്യമായ സ്ഥലം കണ്ടെത്തൽ തുടങ്ങി തിരുമേനിയുടെ അടിസ്ഥാന വികസന മേഖലകളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ മറ്റക്കോട്ടിലച്ചന് സാധിച്ചു. പാറോപ്പടി ഇടവക രൂപീകരണത്തിനാവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകി. വാണിയമ്പലത്തെ പള്ളിയുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ച മാത്യു അച്ചൻ, തന്റെ രണ്ടാം ടേമിൽ, കുമംകുളത്ത് അടിസ്ഥാന സൗകര്യങ്ങളും സെമിത്തേരിയും സാധ്യമാക്കി.

താമരശ്ശേരി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ രണ്ടാമത്തെ കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ അച്ചടക്കവും ആത്മബോധവുമുള്ള അധ്യാപക സമൂഹത്തെ രൂപപ്പെടുത്താനും വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ അത്യാവശ്യമായ ഇടപെടലുകൾ നടത്താനുമാണ് അച്ചൻ ശ്രമിച്ചത്. വിദ്യാലയ സന്ദർശനങ്ങളും അക്കാദമിക ഇടപെടലുകളും കുലീനമായ പെരുമാറ്റ ശൈലിയും കോർപ്പറേറ്റ് കുടുംബത്തിന് കൃത്യനിഷ്ഠയും കാര്യക്ഷമതയും കരുത്തും പകർന്നു.

ഇടവക ജനത്തെ ചേർത്ത് പിടിച്ച ഇടയൻ...ഓരോ കുടുംബത്തേയും അറിഞ്ഞ് സ്നേഹിച്ച വികാരി... ക്ഷമയോടെ വിശ്വാസികളെ കേൾക്കാനും സൗഹൃദം വളർത്താനും കൂട്ടായ്മ വർധിപ്പിക്കാനും വിശ്രമമില്ലാതെ അധ്വാനിച്ച വൈദികൻ...വറ്റാത്ത നീരുറവകളുടെ സാന്നിധ്യം തിരിച്ചറിഞ്ഞ് കിണറുകൾക്ക് സ്ഥാനം കണ്ട് ദാഹജലം ഒരുക്കിയവൻ... ഭക്തസംഘടനകൾക്ക് സജീവത്വവും സ്വാതന്ത്ര്യവും നൽകിയ ഡയറക്ടറച്ചൻ... ഇലക്ട്രോണിക്ക് ഉപകരണങ്ങളിലെ നൈപുണ്യം, ദൈവാലയങ്ങളിലെ ശബ്ദ ക്രമീകരണത്തെ സ്വന്തം കൈവഴക്കത്തിൽ നിർവ്വഹിക്കാൻ പ്രാപ്തനാക്കിയ സൗണ്ട് എഞ്ചിനിയർ... യുഗാന്ത്യോൻമുഖയാത്രയിൽ ദൈവജനത്തെ ദൈവാലയത്തോട് ചേർത്ത് നിർത്തിയ ദൈവത്തിന്റെ ദാസൻ...

2021 മുതൽ ഈരൂട് വിയാനി പ്രീസ്റ്റ്ഹോമിൽ വിശ്രമ ജീവിതത്തിലായിരുന്നു മറ്റക്കോട്ടിലച്ചൻ. കർത്താവ് കുറ്റം ചുമത്താത്തവൻ ഭാഗ്യവാൻ എന്ന ആപ്തവാക്യത്തെ ജീവിതം കൊണ്ട് സംവദിച്ച മാത്യു അച്ചന്റെ മുഖത്ത് എപ്പോഴും നിറയുന്ന പുഞ്ചിരി ആ ഹൃദയത്തിന്റെ നൈർമ്മല്യമായിരുന്നു. ആരോടും ഏറ്റ് മുട്ടാതെ, ഒരു കുറ്റവും പറയാതെ, കുറവുകളെ നിറവുകളാക്കി... ലാളിത്യസമ്പന്നനായ മാത്യു മറ്റക്കോട്ടിലച്ചൻ നിത്യസമ്മാനത്തിന്റെ കിരീടം ചൂടിയിരിക്കുന്നു. നമുക്കായി മാധ്യസ്ഥം വഹിക്കാൻ ഒരാൾ കൂടി സ്വർഗ്ഗത്തിലുണ്ട് എന്നത് ആത്മീയ യാത്രയിൽ നമുക്ക് ഊർജ്ജവും ഉറപ്പുമാകട്ടെ.

*“ഞാനാണ് പുനരുത്ഥാനവും ജീവനും.*
*എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും”.*
*(യോഹ 11, 25)*



# ആദരാഞ്ജലികൾ

## സി. ക്രിസ്പിൻ FCC



തലശ്ശേരി അതിരൂപത മേരിഗിരി ഇടവക മേക്കാട്ട് ജോസഫ്-മേരി ദമ്പതികളുടെ അഞ്ചു മക്കളിൽ മൂത്ത പുത്രിയായി 1949 ഡിസംബർ 12 ന് സി. ക്രിസ്പിൻ ജനിച്ചു. മറ്റക്കര സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂളിൽ നിന്ന് എസ് എസ് എൽ സി പഠനം പൂർത്തിയാക്കി, വേനപ്പാറ സെന്റ് ആന്റണീസ് കോൺവെന്റിൽ 1966 ജൂൺ 6ന് അർത്ഥിനിയായി പ്രവേശിച്ചു. 1968 ൽ നൊവിഷ്യേറ്റ് പൂർത്തിയാക്കി 1968 ഏപ്രിൽ 16ന് ആദ്യവ്രതവാഗ്ദാനം നടത്തി സി. ക്രിസ്പിൻ എന്ന പേര് സ്വീകരിച്ചു. 1974 മെയ് 2 ന് നിത്യവ്രതവാഗ്ദാനം നടത്തി തന്റെ ജീവിതത്തെ ദിവ്യനാഥന് പൂർണ്ണമായി സമർപ്പിച്ചു.

1968-ൽ മാനന്തവാടി Basic Training School-ൽ നിന്ന് ട്രെയിനിംഗ് പൂർത്തിയാക്കിയ സിസ്റ്റർ വെള്ളരിക്കുണ്ട്, കുന്നോത്ത്, ചെമ്പന്തൊട്ടി, കരിക്കോട്ടക്കരി, കണ്ണോത്ത എന്നിവിടങ്ങളിൽ അധ്യാപികയായും 1988 മുതൽ 2004 വരെ കോടഞ്ചേരി എൽ.പി.സ്കൂളിൽ പ്രധാനാധ്യാപികയായും വേനപ്പാറ, ചക്കിട്ടപ്പാറ, ഈരൂട്, വലിയകൊല്ലി, എന്നിവിടങ്ങളിൽ സുപ്പീരിയറായും പ്രൊവിൻഷ്യൽ ട്രഷററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 58 വർഷത്തെ സന്യാസജീവിതത്തിൽ ഏറ്റെടുത്ത സമർപ്പിതജീവിതത്തെ അതിയായി സ്നേഹിച്ച സി. ക്രിസ്പിൻ തനിക്ക് ചുറ്റുമുള്ളവരെയും ആ സ്നേഹകൂട്ടായ്മയിൽ ചേർത്തു നിർത്തി.

കഴിഞ്ഞ ഏതാനും നാളുകളായി ആരോഗ്യസ്ഥിതി മോശമായിരുന്ന സി. ക്രിസ്പിൻ ഏപ്രിൽ 28-ാം തീയതി പ്രാർഥനാനിരതരായി തന്റെ ചുറ്റും നിന്ന സമൂഹാംഗങ്ങളുടെ സാന്നിധ്യത്തിൽ ഈ ലോകം വിട്ട് നിത്യവസതിയിലേയ്ക്ക് യാത്രയായി. തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം കരുതി വച്ചിരിക്കുന്ന നിത്യസമ്മാനവും വിജയകിരീടവും സ്വീകരിക്കാൻ സിസ്റ്ററിന് ഇടയാകട്ടെ.

# വിശ്വാസപരിശീലനം

## HM മേഖല സംഗമങ്ങൾ

2026–2027 വിശ്വാസ പരിശീലനവർഷത്തിന് ഒരുക്കമായി, മെയ് മാസത്തിൽ താമരശ്ശേരി രൂപതയിലെ പ്രധാനാധ്യാപകരുടെ 4 മേഖല സംഗമങ്ങൾ മരുതോങ്കര, താമരശ്ശേരി, പെരിന്തൽമണ്ണ, കൂടരഞ്ഞി, എന്നീ റീജിയനുകളിൽ യഥാക്രമം നടന്നു. വിശ്വാസപരിശീലനത്തിന്റെ പുതിയ വർഷത്തെക്കുറിച്ചുള്ള മാർഗനിർദേശങ്ങളും വിലയിരുത്തലും നൽകുകയും, ഈ വർഷത്തെ 'Grade' സർട്ടിഫിക്കറ്റുകളും, വിവിധ ഫോമുകളും, കലണ്ടറുകളും വിതരണം ചെയ്യുകയും ചെയ്തു.

## HCC സർട്ടിഫിക്കറ്റ് & മാർക്ക്ലിസ്റ്റ്

2025–2026 വർഷത്തെ HCC I, HCC II പരീക്ഷകളുടെ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകളും, മാർക്ക്ലിസ്റ്റുകളും, HCC II ന്റെ രൂപതാ സർട്ടിഫിക്കറ്റുകളും പ്രധാനാധ്യാപക റീജിയണൽ സംഗമങ്ങളിൽ വിതരണം ചെയ്തു.

## എമ്മാവൂസ് മീറ്റ് (മതാധ്യാപക സംഗമം)

2026–2027 വിശ്വാസ പരിശീലന വർഷത്തിലെ മതാധ്യാപക സംഗമം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 30 ശനിയാഴ്ച രാവിലെ 8.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. രൂപത മതബോധന ഡയറക്ടർ ഫാ.ജോൺ പള്ളിക്കാവയലിൽ വി. ബലി അർപ്പിച്ച് പ്രാർഥിച്ചു. മ്യൂസിക്കൽ പ്രയ്സ് ആൻഡ് വർഷിപ്പോടുകൂടി ശ്രീ. ബേബി ജോൺ കലയന്താനി അധ്യാപകർക്ക് ക്ലാസ്സ് നൽകി. ദൈവാനുഗ്രഹത്തിന്റെ നിമിഷങ്ങൾ തീർത്ത് മതബോധന ടീമിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തി.

ഉച്ചകഴിഞ്ഞുള്ള പൊതുസമ്മേളനത്തിൽ രൂപതാ മതബോധന പ്രസിഡന്റ് ശ്രീ. ഷിജു മുട്ടുങ്കൽ എല്ലാവരേയും സ്വാഗതം ചെയ്തു. രൂപത

മതബോധന ഡയറക്ടർ ആമുഖ സന്ദേശം നൽകി. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അനുഗ്രഹീത കലാകാരൻ ജോഷി ചെറിയാന്റെ ഗിറ്റാർ ഫ്യൂഷൻ പെർഫോമൻസിനുശേഷം 2025–2026 വിശ്വാസ പരിശീലന വർഷത്തിൽ 25 ഉം, 40 ഉം അതിൽ കൂടുതലും വർഷം പൂർത്തിയാക്കിയ 25 അധ്യാപകരെ ആദരിച്ചു. താമരശ്ശേരി രൂപത ജനറാൾ മോൺ. അബ്രാഹം വയലിൽ അനുഗ്രഹപ്രഭാഷണം നടത്തി. എമ്മാവൂസ് സ്റ്റാർ സെലക്ഷനു ശേഷം ബഥാനിയ ധ്യാന കേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. റോണി കാവിൽ ആശംസകളറിയിച്ചു. മതബോധന ടീമിന്റെ നേതൃത്വത്തിൽ സംഗീത വിരുന്ന് നടന്നു. ഫാമിലി കാറ്റക്കേസിസിന് സഹായകമായ വിശ്വാസകൈമാറ്റം എന്ന പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. ആയിരം ദിവസത്തെ വചന വായന എന്ന പദ്ധതി 'Bible Journey' പിതാവ് 12 മേഖലകളിലെ പ്രസിഡന്റുമാർക്ക് സമ്പൂർണ ബൈബിൾ നൽകുകയും വചനം വായിച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് വിവിധ ക്ലാസ്സുകളിൽ സമ്മാനാർഹരായ കുട്ടികളെ അനുമോദിച്ചു. ജൂബിലേറിയൻസിന്റെ പ്രതിനിധിയായി ശ്രീ. ബേബി വെളിയംകുളത്ത് മറുപടി പ്രഭാഷണം നടത്തി. രൂപത മതബോധന സെക്രട്ടറി ബാബു ചെട്ടിപ്പറമ്പിൽ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിക്കുകയും മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് എല്ലാ മതാധ്യാപകരേയും ആശീർവദിച്ച് പ്രാർഥിക്കുകയും ചെയ്തു.

### സീറോ മലബാർ സഭാതല പ്രതിഭാസംഗമം

മെയ് 7, 8, 9 തിയതികളിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന ഏഴാം ക്ലാസ്സ് വിദ്യാർഥികൾക്കായുള്ള പ്രതിഭാ സംഗമത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും 4 കുട്ടികൾ പങ്കെടുത്തു. സഭാതല പ്രതിഭയായി ഒരു വിദ്യാർഥി തിരഞ്ഞെടുക്കപ്പെട്ടു.

### സീറോ മലബാർ സഭാതല പ്രതിഭ

സെലീറ്റ മാത്യു തോട്ടക്കര, കോടഞ്ചേരി

### അധ്യാപക ഒരുക്ക ദിനം

2026–2027 വിശ്വാസപരിശീലന വർഷ ഒരുക്കമായി മെയ് 31 ഞായർ

എല്ലാ ഇടവകയിലും മതാധ്യാപകർ ഒരുമിച്ചു കൂടുകയും, ദിവ്യകാരുണ്യ ആരാധന നടത്തുകയും, സ്റ്റാഫ് മീറ്റിങ് കൂടുകയും ചെയ്തു. ബഹു. വികാരിയച്ചൻ വിശ്വാസപരിശീലകരെ ആശീർവദിച്ച് പ്രാർഥിച്ചു.

## JUNE 2026

04-06-26 വ്യാഴം - പരി. കുർബാനയുടെ തിരുനാൾ

07-06-26 ഞായർ - ശ്ലീഹാക്കാലം 3-ാം ഞായർ
**വിശ്വാസ പരിശീലന വർഷ ഉദ്ഘാടനം, എഴുത്തിനിരുത്ത്** (ഈ ദിവസം സായാഹ്നത്തിൽ കുടുംബങ്ങളിൽ തിരി തെളിച്ച് മാതാപിതാക്കൾ കുട്ടികൾക്കായി പ്രാർഥന നടത്തുകയും മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠ നടത്തുകയും ചെയ്യേണ്ടതാണ്)

08-06-26 തിങ്കൾ - വി. മറിയം ത്രേസ്യായുടെ തിരുനാൾ

12-06-26 വെള്ളി - ഈശോയുടെ തിരുഹൃദയ തിരുനാൾ

13-06-26 ശനി - മാതാവിന്റെ വിമലഹൃദയ തിരുനാൾ

14-06-26 ഞായർ - ശ്ലീഹാക്കാലം 4-ാം ഞായർ
ACC 13, 14, 15 Online Class -1
ലൂമിന 1: വിലങ്ങാട് മേഖല @ വിലങ്ങാട്

21-06-26 ഞായർ - ശ്ലീഹാക്കാലം 5-ാം ഞായർ
ലൂമിന 2: തിരുവമ്പാടി മേഖല - 1 @ കൂടരഞ്ഞി (കൂടരഞ്ഞി, മഞ്ഞക്കടവ്, കുളിരാമുട്ടി, പൂവാറൻതോട്)

26-06-26 വെള്ളി - ആമുഖസെമിനാർ (പി.എം.ഒ.സി)

27-06-26 ശനി - ആമുഖസെമിനാർ (പി.എം.ഒ.സി)

28-06-26 ഞായർ - ശ്ലീഹാക്കാലം 6-ാം ഞായർ
ACC 13, 14, 15 Online Class - 2
ആമുഖസെമിനാർ (പി.എം.ഒ.സി)

29-06-26 തിങ്കൾ - വി. പത്രോസ് വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# സെമിനാരി വാർത്തകൾ

## വിവിധ മേജർ സെമിനാരികളിലേക്ക് പോകുന്നവർ

### St. Thomas Apostolic Seminary, Vadavathoor

1. Bro. Denny Painumbra - Mariyapuram (Theology)
2. Bro. Dale Chakkummoottil - Koorottupara (Philosophy)
3. Bro. Einsteen Plathottathil - Koorachundu (Philosophy)

### St. Joseph Pontifical Seminary, Aluva

1. Bro. Abin Thittayil - Kariyathumpara (Theology)
2. Bro. Martin Alavelil - Manjuvayal (Philosophy)
3. Bro. Angelo Karukamalil - Maruthonkara (Philosophy)

### Good Shepherd Major Seminary, Kunnothu

1. Bro. Vivek Kochuveettil - Kattullamala (Theology)
2. Bro. Alento Maniyambrayil - Konoorkandy (Philosophy)
3. Bro. Samuel Vadakkan - Thenjipalam (Philosophy)

## മേജർ സെമിനാരി ബ്രദേഴ്സിന്റെ സംഗമം

മെയ് 10-ാം തീയതി ഒരു മണിയോടെ മേജർ സെമിനാരി വിദ്യാർഥികൾ തങ്ങളുടെ മാതൃഭവനത്തിൽ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാവ് ക്ലാസ്സെടുക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. വൈകുന്നേരം ബാസ്ക്കറ്റ്ബോൾ സൗഹൃദ മത്സരം നടന്നു. ഈ വർഷം താമരശ്ശേരി രൂപതയ്ക്കായി വൈദിക വസ്ത്രം സ്വീകരിക്കുന്നവർക്കായി സായാഹ്നത്തിൽ ആരാധന നടത്തി.

## ഡീക്കൻപട്ടവും, വൈദികവസ്ത്ര സ്വീകരണവും

മെയ് 11-ാം തീയതി അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ

പിതാവിന്റെ കാർമികത്വത്തിൽ കത്തീഡ്രൽ പള്ളിയിൽ വച്ച് യാക്കോബ് തട്ടിൽ മ്ശംശാന പട്ടവും വർഗീസ് പൈനമ്പ്ര, മാത്യു തിട്ടയിൽ, ടോം കൊച്ചുവീട്ടിൽ എന്നിവർ വൈദിക വസ്ത്രവും സ്വീകരിച്ചു.

## മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ്

മെയ് 11-ാം തീയതി ഉച്ചയ്ക്കുശേഷം 3 മണിയോടെ സെമിനാരിയിലെ ബഹു. വൈദികരും, മേജർ സെമിനാരിക്കാരും വർക്ക് ക്യാമ്പിനായി മാലാപറമ്പ് ഇടവകയിലേക്ക് യാത്ര തിരിച്ചു. മൂന്നു ദിവസത്തെ അധ്വാനത്തിനും ഉല്ലാസത്തിനും ശേഷം വർക്ക് ക്യാമ്പ് സമാപിച്ചു. സമാപന ദിവസത്തിൽ താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്, ഫൊറോന വികാരി കളപ്പുരക്കൽ ജോർജ് അച്ചനോടൊപ്പം ക്യാമ്പ് സന്ദർശിച്ചു. മലപ്പുറം, പെരിന്തൽമണ്ണ, മരിയാപുരം എന്നി ഫൊറോനകളിൽ നിന്ന് ക്യാമ്പ് സന്ദർശിച്ച എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. ഇടവക വികാരി ജോസഫ് മുകളേപറമ്പിൽ അച്ചനും താമസ സൗകര്യം ഒരുക്കിയ CFIC സന്യാസ സമൂഹത്തിലെ വൈദികർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## പ്രവേശന ഒരുക്ക ക്യാമ്പ്

ഈ വർഷം മൈനർ സെമിനാരിയിൽ പ്രവേശനം ലഭിച്ച വൈദിക വിദ്യാർഥികൾ മെയ് 16-ാം തീയതി 10 മണിയോടെ മൈനർ സെമിനാരിയിൽ ഒന്നിച്ചു കൂടി. വിശുദ്ധ കുർബാന, പ്രാർഥന, വിവിധ ക്ലാസുകൾ, ഗെയിമുകൾ പരിശീലനങ്ങൾ എന്നിവയിലൂടെ ഒരു ദിവസത്തെ സഹവാസത്തിന് ശേഷം 17-ാം തീയതി ഉച്ചയ്ക്ക് ഭവനങ്ങളിലേക്ക് മടങ്ങി.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## ആശംസകളും പ്രാർഥനകളും

കഴിഞ്ഞ മൂന്ന് വർഷക്കാലം താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ്, തിരുബാലസഖ്യം സംഘടനകളുടെ ഡയറക്ടർ ആയി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ജോർജ് വെള്ളാരംകാലയിൽ അച്ചന് പ്രാർഥനാശംസകൾ നേരുന്നു.

ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ പുതിയ ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന ഫാ. ജോർജ് കരിന്തോളിയ്ക്ക് താമരശ്ശേരി സിഎംഎൽ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം നേരുന്നു.

വിവിധ മേഖലകളിൽ കഴിഞ്ഞവർഷം സേവനം ചെയ്ത എല്ലാ മേഖല ഡയറക്ടർ അച്ചൻമാർക്കും ഹൃദ്യമായ നന്ദിയും പുതിയതായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ഫാ. ജിനോ ചുണ്ടയിൽ (പെരിന്തൽമണ്ണ), ഫാ. സണ്ണി കളപ്പുര (മരിയാപുരം), ഫാ. പ്രിൻസ് ഏഴാനിക്കാട്ട് (മലപ്പുറം), ഫാ. നവീൻ പുറത്തൂട്ട് (പാറോപ്പടി), ഫാ. ജെറിൻ ജോസ് പറപ്പള്ളിൽ OSFS (കോടഞ്ചേരി) എന്നിവർക്ക് പ്രാർഥനാശംസകൾ നേരുന്നു.

## വാർഷികവും കൗൺസിലും മാനേജിംഗ് കമ്മിറ്റിയും ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് സംഗമവും

2025-26 പ്രവർത്തന വർഷത്തെ രൂപതാ വാർഷികവും കൗൺസിലും മാനേജിംഗ് കമ്മിറ്റിയും മെയ് 5ന് രൂപത ഭവനിൽ നടത്തി. ഫാ. കുര്യൻ താന്നിക്കൽ ഉദ്ഘാടനം ചെയ്ത മീറ്റിങ്ങിൽ രൂപത പ്രസിഡന്റ് ജിനോ മാത്യു തറപ്പുതൊട്ടിയിൽ അധ്യക്ഷനായിരുന്നു. ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് സംഗമവും ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മിസ്സിയോ ദൈവവിളി പ്രസംഗമത്സരവും

അന്നേദിനം നടത്തുകയും ശ്രീ എബിൻ പാലാവയലിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു.

**മിസ്സിയോ ദൈവവിളി പ്രസംഗം മത്സരം വിജയികൾ**

ഒന്നാം സമ്മാനം - അലോണ മേക്കാട്ട്, വേനപ്പാറ
രണ്ടാം സമ്മാനം - മേധാ കൊട്ടാരംകുന്നേൽ, ചക്കിട്ടപാറ
മൂന്നാം സമ്മാനം - അന്ന പാട്ടശ്ശേരി, കോടഞ്ചേരി

**ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2026-27 പ്രവർത്തന വർഷത്തേക്കുള്ള ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ശാഖാതലത്തിലും മേഖലാതലത്തിലും നടത്തി. മെയ് 5 ന് രൂപതതല ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി.

**പുതിയ ജൂനിയർ ഭാരവാഹികൾ (2026-27)**

പ്രസിഡന്റ് : ഇവാൻ ജേക്കബ് കുറ്റിക്കാട്ടുമണ്ണിൽ, തിരുവമ്പാടി
വൈ.പ്രസിഡണ്ട്: ജസീക്കാ പുലിക്കോട്ടിൽ, പാറോപ്പടി
സെക്രട്ടറി : എഡ്വിൻ ജിയോ മംഗലശ്ശേരി, പെരിന്തൽമണ്ണ
ജോ.സെക്രട്ടറി : ആൻ റിയ മുണ്ടലേക്കപ്പടവിൽ കാറ്റുള്ളമല

*എക്സിക്യൂട്ടീവ് അംഗങ്ങൾ*

അന്ന മരിയ സാജൻ പെരുമ്പള്ളിൽ, മൈലള്ളാംപാറ
അലൻ മനോജ് ഈന്തൻകുഴി, കുപ്പായക്കോട്
ജോയൽ മാക്സ് മാർട്ടിൻ പെരുമന, പുഷ്പഗിരി
മരിയ റോസ് സോബിൻ കുമ്പാട്ട്, തിരുവമ്പാടി

**മിഷൻ അനുഭവയാത്ര**

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് സീനിയർ ഭാരവാഹികളുടെയും കട്ടിപ്പാറ, പയ്യനാട് ശാഖകളുടെയും നേതൃത്വത്തിൽ മെയ് 11-12 തീയതികളിൽ ഭദ്രാവതി രൂപതയിലെ മിഷൻ ഗ്രാമങ്ങളിലേയ്ക്ക് മിഷൻ അനുഭവ യാത്ര സംഘടിപ്പിച്ചു. വിവിധ ഗ്രാമങ്ങളിൽ സന്ദർശനം നടത്തുകയും മിഷൻ സഹായനിധി കൈമാറുകയും ചെയ്തു.

### പന്തക്കുസ്താ തിരുനാൾ

പന്തക്കുസ്താ തിരുനാളിന് ഒരുക്കമായി നവദിന പ്രാർഥന പോസ്റ്റർ രൂപത്തിൽ തയ്യാറാക്കി നൽകി.

### സിഎംഎൽ സംസ്ഥാന ക്യാമ്പ്

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മാനന്തവാടി ബോയ്സ് ടൗണിൽ 2026 മെയ് 13 മുതൽ 16 വരെ നടത്തിയ ക്യാമ്പിൽ രൂപതയിൽ നിന്ന് 7 കുഞ്ഞുമിഷനറിമാർ പങ്കെടുത്തു.

## അറിയിപ്പുകൾ

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ് അപേക്ഷ

2025-26 അധ്യയന വർഷത്തിൽ പത്താം ക്ലാസിൽ വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് നേടുകയും ചെറുപുഷ്പ മിഷൻ ലീഗിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. മേഖലകളിൽ നിന്ന് ഓരോ കുട്ടിയെ തിരഞ്ഞെടുത്ത് ജൂൺ 20-നുള്ളിൽ അപേക്ഷ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം

വിവിധ മേഖല കേന്ദ്രങ്ങളിൽ 28-06-2026 ഞായറാഴ്ച 2 pm മുതൽ 4 pm വരെ നടത്തുന്നു.

*നിബന്ധനകൾ*

(1) രണ്ടു പ്രായ വിഭാഗത്തിലാണ് മത്സരം - ജൂനിയർ വിഭാഗം (7, 9 ക്ലാസ്സുകൾ), സീനിയർ വിഭാഗം (10, 12 ക്ലാസ്സുകൾ) (2) രണ്ട് വിഭാഗത്തിലും ആൺ, പെൺ വ്യത്യാസമില്ലാതെയാണ് മത്സരം (3)രചനകൾ നാലു പേജിൽ കവിയരുത് (4) A4 പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതാൻ പാടുള്ളൂ (5) രണ്ട് പ്രായ വിഭാഗത്തിലെയും മേഖലയിൽ നിന്നുള്ള മികച്ച രചനകൾ (2 വീതം) രൂപതയിൽ എത്തിക്കുന്നു (6) ഈ വർഷത്തെ പഠന വിഷയത്തോട് ചേർന്നതും ആനുകാലിക പ്രാധാന്യമുള്ളതുമായ ഒരു വിഷയമായിരിക്കും ഉപന്യാസമത്സരത്തിന് നൽകുക.

### നിർദ്ദേശങ്ങൾ

2026-27 പ്രവർത്തനവർഷ ഉദ്ഘാടനവും CML, തിരുബാലസഖ്യം സംഘടനകളുടെ മാർഗരേഖ പ്രകാശനവും ജൂൺ 7 ഞായറാഴ്ച കട്ടിപ്പാറ ശാഖയിൽ നടത്തുന്നു. അന്നേ ദിനം ശാഖകളിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തേണ്ടതാണ്. രൂപത മാനേജിംഗ് കമ്മിറ്റിയും ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് സംഗമവും 2026 ജൂൺ 25 വ്യാഴാഴ്ച രൂപത ഭവനിൽ വച്ച് നടത്തപ്പെടുന്നു. ശാഖാ, മേഖല വാർഷിക റിപ്പോർട്ട് മെയ് ആദ്യ ആഴ്ചയിൽ തന്നെ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## മദ്ബഹ ശുശ്രൂഷ സംഘം (SMART)

### സ്മാർട്ട് ഫുട്ബോൾ മത്സരങ്ങൾ

വിവിധ മേഖലകളിൽ സ്മാർട്ട് ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിച്ചു. 22-ാം തീയതി വെള്ളിയാഴ്ച തിരുവമ്പാടിയിൽ നടത്തിയ ഫുട്ബോൾ ടൂർണമെന്റിൽ കൂരാച്ചുണ്ട് ഇടവക ഒന്നാം സ്ഥാനവും, വേനപ്പാറ ഇടവക രണ്ടാം സ്ഥാനവും, ചെമ്പ്കടവ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

### ഇടയനോടൊപ്പം

സ്മാർട്ട് അംഗങ്ങൾക്കായി സെമിനാരിയെ പരിചയപ്പെടുത്തുന്ന 'ഇടയനോടൊപ്പം' എന്ന പ്രോഗ്രാം മൈനർ സെമിനാരിയിൽ വിവിധ ഫൊറോനകൾക്കായി നടത്തി.

റിപ്പോർട്ട് ബുക്കും പ്രാർഥനപുസ്തകവും വികാരിയച്ചന്മാർക്കായി സ്മാർട്ടിന്റെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന കത്തും വിശുദ്ധ കുർബാനയ്ക്കായി തിരുവസ്ത്രങ്ങൾ അണിയുന്നതിന് മുൻപ് ചൊല്ലാവുന്ന പ്രാർഥനകളും ഇടവകകളിൽ നൽകി.

## വൊക്കേഷൻ ബ്യൂറോ

ബഥാനിയായിൽ നടന്ന ഹയർ സെക്കൻഡറി കുട്ടികളുടെ ധ്യാനത്തിൽ കുട്ടികളെ വ്യക്തിപരമായി കണ്ട് ദൈവവിളി പ്രോത്സാഹനം നൽകുകയും ആഭിമുഖ്യം ഉള്ളവരെ കണ്ടെത്തുകയും ചെയ്തു.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, സ്മാർട്ട്, വൊക്കേഷൻ ബ്യൂറോ

## ജീസസ് ഫ്രട്ടേണിറ്റി

വി. കുർബാന, പ്രാർഥന എന്നിവ തടവറകളിൽ മെയ് മാസത്തിൽ ക്രമീകരിക്കാൻ സാധിച്ചു. വടകര ജയിൽ സൂപ്രണ്ട് ശ്രീ. രവീന്ദ്രൻ സാറിന്റെ യാത്രയയപ്പ് പരിപാടിയിൽ ജീസസ് ഫ്രട്ടേണിറ്റി രൂപത നേതൃത്വം പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു. തവനൂർ സെൻട്രൽ ജയിൽ അംഗമായിരുന്ന ഒരു വ്യക്തിക്ക് ജാമ്യത്തിലിറങ്ങാനുള്ള സഹായം നൽകി.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# കെ.സി.വൈ.എം- എസ്.എം.വൈ.എം.

## കൃതജ്ഞതയും സ്വാഗതവും

നാളിതുവരെ താമരശ്ശേരി രൂപത കെ.സി.വൈ.എം-എസ്.എം.വൈ.എം. സംഘടനയെ നയിച്ച ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിലിന് രൂപത യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ യാത്രയയപ്പും ഉപഹാരവും നൽകി. പ്രസ്തുത യോഗത്തിൽ കെ.സി.വൈ.എം-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നിയുക്ത ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിയെ സ്വാഗതം ചെയ്തു.

## പുതിയ മേഖല ഡയറക്ടർമാർ

| | | |
|---|---|---|
| ഫാ. ജോർജ്ജ് കളപ്പുരയ്ക്കൽ | - | മരിയാപുരം |
| ഫാ. ജോസഫ് ചുണ്ടയിൽ | - | പെരിന്തൽമണ്ണ |
| ഫാ. അജു ചിറയത്ത് OFM CAP | - | പാറോപ്പടി |
| ഫാ. ജിയോ കടുകൻമാക്കൽ | - | വിലങ്ങാട് |
| ഫാ. ജോസഫ് പോത്തനാമുഴി | - | തോട്ടുമുക്കം |
| ഫാ. അരുൺ ചീരമറ്റത്തിൽ | - | കൂരാച്ചുണ്ട് |
| ഫാ. റിനു തിട്ടയിൽ | - | മരുതോങ്കര |

## C4 ലോഗോ പ്രകാശനം

സീറോ മലബാർ സഭയുടെ സമുദായ ശക്തീകരണ വർഷത്തിൽ, കെ.സി.വൈ.എം-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന C4 - Christ & Community : Calling for a Change എന്ന സോണൽ ക്യാമ്പുകളുടെ ലോഗോ പ്രകാശനം 2026 മെയ് 10 ന് താമരശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു.

## സോണൽ ക്യാമ്പ് (പാറോപ്പടി, താമരശ്ശേരി, കോടഞ്ചേരി)

സീറോ മലബാർ സഭയുടെ സമുദായ ശക്തീകരണ വർഷത്തിൽ,

കെ.സി.വൈ.എം-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പാറോപ്പടി, താമരശ്ശേരി, കോടഞ്ചേരി മേഖലകളുടെ സോണൽ ക്യാമ്പ് 2026 മെയ് 16, 17 ദിവസങ്ങളിൽ ദേവഗിരി, സെന്റ് ജോസഫ്സ് കോളേജിൽ നടത്തപ്പെട്ടു. മൂന്ന് മേഖലകളിൽ നിന്നുമായി നൂറോളം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പ്, പാറോപ്പടി ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ ഉദ്ഘാടനം ചെയ്തു.

**സോണൽ ക്യാമ്പ് (തിരുവമ്പാടി, തോട്ടുമുക്കം)**

കെ.സി.വൈ.എം-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ തിരുവമ്പാടി, തോട്ടുമുക്കം മേഖലകളുടെ സോണൽ ക്യാമ്പ് 2026 മെയ് 18, 19 ദിവസങ്ങളിൽ കൂടരഞ്ഞി, സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. രണ്ട് മേഖലകളിൽ നിന്നുമായി നൂറോളം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പ്, കൂടരഞ്ഞി ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ഉദ്ഘാടനം ചെയ്തു.

**ഫാ. കുര്യൻ ചെറുശ്ശേരിൽ**
ഡയറക്ടർ, കെ.സി.വൈ.എം-എസ്.എം.വൈ.എം

## ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

പരിശുദ്ധ അമ്മയെ പ്രത്യേകമായി വണങ്ങുന്ന മെയ് മാസത്തിൽ നാലു ധ്യാനങ്ങൾ ബഥാനിയായിൽ ഒരുക്കപ്പെട്ടു. മധ്യവേനലവധിയായതിനാൽ ധാരാളം വ്യക്തികൾ വിവിധ ശുശ്രൂഷകൾക്കായി എത്തിച്ചേർന്നു. മിശിഹായുടെ സ്വർഗ്ഗാരോഹണത്തിരുന്നാളും

പന്തക്കുസ്താത്തിരുന്നാളും പ്രാർഥനാപൂർവം ആഘോഷിച്ചു. ശുശ്രൂഷകളെല്ലാം ദൈവാനുഗ്രഹപ്രദമായിരുന്നു.

### കുട്ടികൾക്ക് വേണ്ടിയുള്ള ധ്യാനങ്ങൾ

മെയ് മാസത്തിൽ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കു വേണ്ടി മൂന്നു ധ്യാനങ്ങൾ നടത്തപ്പെട്ടു. മെയ് 4 മുതൽ 7 വരെയും 8 മുതൽ 11 വരെയും പ്ലസ് ടു കുട്ടികളുടെ ധ്യാനവും 17 മുതൽ 20 വരെ യു പി സ്കൂൾ കുട്ടികളുടെ ധ്യാനവും നടത്തി. ധാരാളം കുട്ടികൾ ധ്യാനങ്ങളിൽ പങ്കെടുക്കുകയും ദൈവാനുഭവത്തിലൂടെ കടന്നു പോവുകയും ചെയ്തു.

### ജീവിത വിശുദ്ധീകരണ ധ്യാനം

മെയ് 22 മുതൽ 25 വരെ ജീവിതവിശുദ്ധീകരണധ്യാനം നടത്തപ്പെട്ടു. അനേകം യുവജനങ്ങളും മുതിർന്നവരും ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു.

### എമ്മാവൂസ് മീറ്റ് 2026

താമരശ്ശേരി രൂപത മതാധ്യാപക സംഗമം-എമ്മാവൂസ് മീറ്റ് 2026 മെയ് മാസം മുപ്പതാം തീയതി ബഥാനിയായിൽ വച്ച് നടത്തപ്പെട്ടു. താമരശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ശ്രീ. ബേബി ജോൺ കലയന്താനി ക്ലാസ്സ് നയിച്ചു. ഏകദേശം ആയിരത്തി അഞ്ഞൂറോളം മതാധ്യാപകർ പങ്കെടുത്തു.

### ഏകദിന കൺവെൻഷൻ

മെയ് മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ധാരാളം വിശ്വാസികൾ പങ്കെടുത്തു. ഏവർക്കും പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം വ്യക്തികൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. അവധിക്കാലം ആയതിനാൽ അനേകം കുട്ടികളും ഏകദിന ശുശ്രൂഷകളിൽ പങ്കുചേർന്നു. മെയ് മാസത്തിലെ അവസാനത്തെ വെള്ളിയാഴ്ച വിദ്യാർഥികൾക്കു വേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾ നടത്തി.

### വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വിശുദ്ധ കുർബാനകൾ ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന ബഥാനിയായിൽ ഉണ്ടായിരുന്നു. വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

### സ്വാഗതം

ബഥാനിയ നവീകരണ കേന്ദ്രത്തിലെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റ അജിത്ത് വെളിയത്തച്ചനും കുമ്പസാരക്കാരനായി ഉത്തരവാദിത്തം ഏറ്റെടുത്ത വിൻസെൻഷ്യൻ സഭാംഗമായ ഫ്രാൻസിസ് പുല്ലാട്ടച്ചനും സ്വാഗതവും പ്രാർഥനാശംസകളും നേരുന്നു.

### ജൂൺ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 5 വെള്ളി | - | ആദ്യവെള്ളി കൺവെൻഷൻ (പുതിയ അധ്യയന വർഷാരംഭ ശുശ്രൂഷകൾ) |
| 12 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 13 ശനി | - | ധ്യാനം (13-14): 2026 ജൂലൈ-2027 ജൂൺ വരെ ബഥാനിയായിൽ ശുശ്രൂഷകരാകാൻ താല്പര്യമുള്ളവർക്ക് |
| 19 വെള്ളി | - | ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണ ധ്യാനം (19-22) |
| 26 വെള്ളി | - | ഏകദിന കൺവെൻഷൻ |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# മീഡിയ കമ്മീഷൻ

## റൂബി ജൂബിലി സമാപനം

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി സമാപന ചടങ്ങുകൾ പ്രിന്റ്, വിഷ്വൽ, ഓൺലൈൻ സങ്കേതങ്ങളിലൂടെ വായനക്കാരിൽ എത്തിക്കാനും റൂബി ജൂബിലി സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിക്കാനും സാധിച്ചു. രൂപത സുവർണ്ണ ജൂബിലിയിലേക്ക് അടുക്കുമ്പോൾ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ കാഴ്ചപ്പാടുകളും രൂപതയുടെ ചരിത്രവും സ്പെഷ്യൽ പതിപ്പിനെ ആകർഷകമാക്കി. സമാപന ചടങ്ങുകൾ പൂർണ്ണമായും പ്രൊഫഷണൽ മികവിൽ വേവ്സ് മീഡിയ യൂട്യൂബ് ചാനലിലൂടെ ലൈവ് സ്ട്രീമിങ് നടത്തി.

ഹാലോ ടിവി, വേവ്സ് മീഡിയയുടെ പുതിയ ലോഗോ, മലബാർ വിഷൻ യുട്യൂബ് ചാനൽ എന്നിവയുടെ ലോഞ്ചിങ് കണ്ണൂർ രൂപത സഹായ മെത്രാൻ ഡോ. ഡെന്നീസ് കുറുപ്പശ്ശേരി പിതാവ് നിർവഹിച്ചു. മെയ്, ജൂൺ ലക്കത്തിൽ റൂബി ജൂബിലി സമാപനത്തിന്റെ ചിത്രങ്ങളും റിപ്പോർട്ടുകളും ഉൾപ്പെടുത്തി. ഹാലോ ടിവി, വേവ്സ് മീഡിയ എന്നിവയ്ക്ക് ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ലിങ്ക്ഡ് ഇൻ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. മലബാർ വിഷൻ പത്രത്തോടൊപ്പം സമയബന്ധിതമായി വാർത്തകൾ അപ്ഡേറ്റു ചെയ്യുവാൻ മലബാർ വിഷൻ ന്യൂസ് ഓൺലൈൻ എന്ന പേരിൽ യുട്യൂബ് ചാനലും പ്രവർത്തിക്കുന്നുണ്ട്. സമാപനസമ്മേളനത്തിൽ രൂപതയുടെ നാൽപതു വർഷത്തെ വളർച്ചയെ ആസ്പദമാക്കി അവതരിപ്പിച്ച ഡോക്യുമെന്ററി ഏറെ ശ്രദ്ധിക്കപ്പെട്ടു.

## മലബാർ വിഷൻ വരിസംഖ്യ

2024, 2025 വർഷങ്ങളിലെ മലബാർ വിഷൻ വരിസംഖ്യ ഇനിയും നല്കാനുള്ള ഇടവകകൾ എത്രയുംവേഗം അടയ്ക്കുമല്ലോ. 2026 ലെ വരിസംഖ്യ ഒറ്റത്തവണയായോ ഗഡുക്കളായോ ജൂലൈ ആഗസ്റ്റ്

മാസത്തിലെ മലബാർ വിഷൻ ലക്കം പള്ളിയിൽ എത്തിക്കുമ്പോൾ സ്വീകരിക്കുന്നതാണ്. ഒരു കോപ്പിക്ക് 10 രൂപ വച്ച് ഒരു വർഷത്തേക്ക് 60 രൂപയാണ് വാർഷിക വരിസംഖ്യ.

UPI വഴിയോ ബാങ്ക് ട്രാൻസ്ഫറായോ പണം അയയ്ക്കുവാൻ താഴെ നൽകിയിരിക്കുന്ന ബാങ്ക് ഡീറ്റയിൽസ് ഉപയോഗിക്കുക:

Payment Mode : Bank Transfer
Details : Account Number: 120026042737
Name: Alphonsian Media Trust
Bank: Canara, Vellimadkunnu Br.
IFSC Code: CNRB0000839

## മലബാർ വിഷൻ മെയ്, ജൂൺ ലക്കം

ലഹരി വിപത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്ന 2026 മെയ് ജൂൺ ലക്കം മലബാർ വിഷൻ പ്രസിദ്ധീകരിച്ചു.

കേരളത്തിലെ ലഹരി ഉപയോഗത്തിന്റെ ഭീതിദമായ മുഖത്തെക്കുറിച്ചും, കുടുംബങ്ങൾ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചും കോഴിക്കോട് ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജിമ്മി ജോസഫുമായി നടത്തിയ അഭിമുഖത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കവർ സ്റ്റോറിയുണ്ട്. ലഹരി ഉപയോഗം ശരീരത്തിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് ഡോ. വർഷ വിദ്യാധരൻ (അസോഷ്യേറ്റ് പ്രൊഫസർ, സൈക്യാട്രി വിഭാഗം, കോഴിക്കോട് ഗവ. മെഡിക്കൽ കോളജ്) എഴുതുന്നു. പെൺകുട്ടികളിലെ ലഹരി ഉപയോഗത്തെക്കുറിച്ചും അവരെ എങ്ങനെ തിരികെ കൊണ്ടുവരാം എന്നതിനെക്കുറിച്ചും ഡോ. ഷാന്റി ജോസ് (പ്രിൻസിപ്പൽ, പ്രൊവിഡൻസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കോഴിക്കോട്) വിവരിക്കുന്നുണ്ട്. പ്ലസ്ടുവിന് ശേഷം ഏത് കോഴ്സ് സെലക്ട് ചെയ്യുമെന്നത് കുട്ടികളെയും രക്ഷിതാക്കളെയും ഒരുപോലെ കുഴക്കുന്ന പ്രശ്നമാണ്. കോഴ്സ് തിരഞ്ഞെടുക്കാൻ സാഹായിക്കുന്ന മാർഗനിർദേശങ്ങൾ ദേവഗിരി കോളേജ് റിട്ട അധ്യാപകനും കോളേജ് പിആർഒ യുമായ പ്രഫ. ചാർലി കട്ടക്കയം പങ്കുവയ്ക്കുന്നു. സംവരണത്തിന്റെ കാണാപ്പുറങ്ങളെക്കുറിച്ച് ഡോ. ഹിമ സുബിൻ കൂനംതടത്തിൽ (കാസർഗോഡ് ഐസിഎആർ സെൻട്രൽ പ്ലാന്റേഷൻ

ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞ) എഴുതുന്നു. മെയ് മാസ വണക്കത്തിന്റെ പൊരുളും പ്രസക്തിയും മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ചാക്കോ മുണ്ടക്കൽ വിവരിക്കുന്നുണ്ട്. കൂടാതെ പതിവ് പംക്തികളും ഈ ലക്കത്തെ ആകർഷകമാക്കുന്നു. കൂടുതൽ കോപ്പികൾക്ക് വിളിക്കേണ്ട നമ്പർ 9744995553.

### പരസ്യങ്ങൾ നൽകാൻ

മലബാർ വിഷനിൽ പരസ്യങ്ങൾ നൽകാൻ ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്: രജിൻ ജോസ്-9497564558 (മാർക്കറ്റിങ് ഹെഡ്), ഓഫീസ് -9744995553

### ഹാലോ ടിവി, വേവ്സ് മീഡിയ

സെന്റ് ജോർജ് തിരുനാളിനോടനുബന്ധിച്ച് തയ്യാറാക്കിയ ഷോർട്ട് ഫിലിമും തൊഴിലാളി ദിനവുമായി ബന്ധപ്പെട്ടുള്ള വീഡിയോ റീലും വിലങ്ങാട് വീട് നഷ്ടപ്പെട്ടവർക്ക് വേണ്ടി പുതുതായി നിർമ്മിച്ച ഭവനങ്ങളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട വീഡിയോ കവറേജും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### മോഷൻ പോസ്റ്റർ

വിശുദ്ധ കുർബാനയുടെ പ്രാധാന്യം സൂചിപ്പിക്കുന്ന ബൈബിൾ വചനങ്ങളും വിശുദ്ധരുടെ വാചകങ്ങളും ഉൾപ്പെടുത്തി ഒരു മോഷൻ പോസ്റ്റർ എല്ലാ ദിവസവും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഷെയർ ചെയ്യപ്പെടുന്നു.

### ഇന്റർവ്യൂ

ലഹരിയും കുടുംബവും എന്ന വിഷയത്തിൽ കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജിമ്മി ജോസഫുമായുള്ള അഭിമുഖ സംഭാഷണം ഹാലോ ടിവി യുട്യൂബ് ചാനലിൽ ലഭ്യമാണ്.

### യുട്യൂബ് ചാനലുകൾ

ഹാലോ ടിവി, വേവ്സ് മീഡിയ എന്നിവയാണ് മീഡിയ കമ്മീഷന്റെ യുട്യൂബ് ചാനലുകൾ.

**ഫാ. ചാക്കോ മുണ്ടയ്ക്കൽ**
ഡയറക്ടർ, മീഡിയ കമ്മീഷൻ

# മരിയൻ പ്രോലൈഫ് മൂവ്മെന്റ്

## പാറോപ്പടി ഫൊറോന സംഗമം

താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പാറോപ്പടി ഫൊറോനയിലെ വലിയ കുടുംബങ്ങളുടെ സംഗമം നടത്തി.

പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ ഉദ്ഘാടനം ചെയ്തു. പ്രോലൈഫ് രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. കെസിബിസി പ്രോലൈഫ് സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടം, സെന്റ് ജിയന്ന ചാരിറ്റബിൾ ട്രസ്റ്റ് മെമ്പർ നൈജിൽ പുരയിടത്തിൽ, പ്രോലൈഫ് രൂപത സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. പ്രോലൈഫ് രൂപത എക്സിക്യൂട്ടീവ് അംഗം മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, രൂപത ആനിമേറ്റർ സി. മെറിൻ ജോസ് എസ് എച്ച്, ഷിജു പാലംതലക്കൽ എന്നിവർ നേതൃത്വം നൽകി. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി 90 വ്യക്തികൾ മീറ്റിങ്ങിൽ പങ്കെടുത്തു. അന്നേദിവസം പാറോപ്പടി മേഖല എക്സിക്യൂട്ടിവ് മെമ്പേഴ്സിനെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | : | സോബിൻ ജോർജ് കൂനാനിക്കൽ, പാറോപ്പടി |
| വൈ.പ്രസിഡന്റ് | : | സ്മിജു ഇടവഴിക്കൽ, കുണ്ടായിത്തോട് |
| സെക്രട്ടറി | : | ജോബി പുത്തൻപുരയിൽ, കുന്നമംഗലം |
| ജോ. സെക്രട്ടറി | : | മനു തോമസ് വെളുത്തേടത്ത്, അമലാപുരി |
| ട്രഷറർ | : | ടെന്നീസ് കാരിക്കൽ, ദേവഗിരി |

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോലൈഫ് മൂവ്മെന്റ്



# കരിസ്മാറ്റിക് മൂവ്മെന്റ്

## റൂഹാഭിഷേകം 2K26

2026 ലെ പന്തക്കുസ്താ തിരുന്നാളിനോടനുബന്ധിച്ച് കോഴിക്കോട് സോൺ, കരിസ്മാറ്റിക് ദിനാചരണവും റൂഹാഭിഷേക ശുശ്രൂഷയും മെയ് 22 വെള്ളിയാഴ്ച കുന്നമംഗലം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടത്തി.

താമരശ്ശേരി രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ദിവ്യബലി അർപ്പിച്ചു പ്രാർഥിക്കുകയും, അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ഫാ. സൈമൺ വള്ളോപ്പിള്ളി, ഫാ. മിൽട്ടൻ മുളങ്ങാശ്ശേരി എന്നിവർ വിശുദ്ധ കുർബാനയ്ക്ക് സഹകാർമികരായിരുന്നു. വി. കുർബാനയ്ക്കുശേഷം, കോഴിക്കോട് സോണിന്റെ പുതിയ ആനിമേറ്റർ ആയി ചുമതലയേറ്റ ഫാ. മിൽട്ടൻ മുളങ്ങാശ്ശേരിയെ കോർഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ പരിചയപ്പെടുത്തുകയും ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് പൂച്ചെണ്ടു നൽകി ആദരിക്കുകയും ചെയ്തു.

റൂഹാഭിഷേകശുശ്രൂഷയിൽ, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളെപ്പറ്റി ഫാ. ഡോ. അലോഷ്യസ് കുളങ്ങര മുഖ്യപ്രഭാഷണം നടത്തി. ഉച്ചയ്ക്ക് ശേഷമുള്ള അഭിഷേക ആരാധനയ്ക്ക് സോണൽ ആനിമേറ്റർ ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി നേതൃത്വം നൽകി. ജപമാല പ്രാർഥനകൾക്ക് സിറ്റി സബ് സോണും, സ്തുതി ആരാധനയ്ക്ക് കൂരാച്ചുണ്ട് സബ് സോണിലെ പ്രകാശും സതീഷും നേതൃത്വം നൽകി. ഷാജു കാഞ്ഞിരത്തിങ്കൽ, ഡോ. ഫ്രാൻസിസ് ആറാടൻ, ജോസ് വടക്കേൽ, ബെന്നിച്ചൻ കറുകമാലിൽ, സോളി സണ്ണി എന്നിവർ പ്രസംഗിച്ചു.

## സിബിയച്ചന് നന്ദിയോടെ

കഴിഞ്ഞ രണ്ടു വർഷക്കാലം കോഴിക്കോട് സോണൽ ആനിമേറ്റർ

ആയി സ്തുത്യർഹമായി സേവനം ചെയ്ത ശേഷം പുതിയ ശുശ്രൂഷ മേഖലയിലേക്ക് യാത്രയാകുന്ന പ്രിയപ്പെട്ട കുഴിവേലിൽ സിബിയച്ചന് കോഴിക്കോട് സോണിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർഥനയും നേരുന്നു.

**ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ബൈബിൾ അപ്പസ്തോലേറ്റ്

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 എന്ന പേരിൽ 2026 ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 314 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ സഹായകരമായ ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുകയും ചെയ്യുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനയാണ് നിലവിൽ നടക്കുന്നത്. അഞ്ച് മാസങ്ങൾ പിന്നിടുമ്പോൾ ബൈബിളിലെ 21 പുസ്തകങ്ങളുടെ (മക്കബായർ രണ്ടാം പുസ്തകം വരെ) വായന പൂർത്തിയായി.

മെയ് മാസം, മരിയൻ വിചിന്തനങ്ങൾ എന്ന പേരിൽ പരിശുദ്ധ അമ്മയുമായി ബന്ധപ്പെട്ട വചനങ്ങൾ പോസ്റ്റർ രൂപത്തിൽ വിവിധ കൂട്ടായ്മകളുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവച്ചു.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്



# ക്രിസ്റ്റീൻ മിനിസ്ട്രി

### പുതിയ ആനിമേറ്റർ

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയാണ്. അതിനാൽ ഓരോ ഇടവകയിലും ക്രിസ്റ്റീൻ മിനിസ്ട്രിക്ക് നേതൃത്വം കൊടുക്കുന്നതിനായി ഒരു മതബോധന അധ്യാപികയെ ചുമതലപ്പെടുത്തണമെന്ന് സ്നേഹത്തോടെ താൽപര്യപ്പെടുന്നു; നാലാം ക്ലാസ്സിന്റെ ഉത്തരവാദിത്വമുള്ള ടീച്ചർമാർക്ക് മുൻഗണന നൽകുമല്ലോ.

### ഉണ്ണീശോയ്ക്ക് ഒരു ബൈബിൾ

ഈ വർഷം കോറിന്തോസുകാർക്ക് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങളാണ്, 'ഉണ്ണീശോയ്ക്ക് ഒരു ബൈബിൾ' ആയി എഴുതേണ്ടത്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി



# കരുണാഭവൻ

കരുണാഭവൻ കുടുംബത്തിലേക്ക് രണ്ട് പുതിയ അന്തേവാസികൾ കൂടി അംഗമായി. ഇടവകകളിൽ നിന്നും വൈദികരും സിസ്റ്റേഴ്സും വിശ്വാസികളും കരുണാഭവൻ സന്ദർശിച്ച് സഹായിക്കുകയും പാറോപ്പടിയിലെ ഭവനങ്ങളിൽനിന്ന് ഭൗതികവസ്തുക്കൾ സമാഹ രിക്കുകയും ചെയ്തു. പാറോപ്പടിയിലെ KCYM സംഘടന ബഹു.

സിസേറ്റഴ്സിന്റെ നേതൃത്വത്തിൽ, അന്തേവാസികളെ കോഴിക്കോട് ബീച്ചിൽ ഉല്ലാസയാത്രക്ക് കൊണ്ടുപോകുകയും ബ്രദർ തോമസ് ഇലവനാൽ യാത്രയ്ക്കുള്ള ക്രമീകരണങ്ങളും നടത്തുകയും ചെയ്തു. ഇതുവരെ കരുണാഭവനിലെ വിവിധ ശുശ്രൂഷകളിൽ സഹായിച്ച ജിയോ കടുകൻമാക്കലച്ചനും ബിനോയിയച്ചനും യാത്രയയപ്പും പാറോപ്പടിയിലെ പുതിയ അസി. വികാരിയായ ഫാ. നവീൻ പുറത്തൂട്ടിന് സ്വീകരണവും നൽകി.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# എയ്ഡർ എഡ്യൂകെയർ

## ADMIMEX 2026

സിവിൽ സർവീസ്-അഡ്മിനിസ്ട്രേറ്റീവ് സർവീസ് രംഗത്തേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ ഈ വർഷം മുതൽ ആരംഭിച്ച ADMINEX 2026 റസിഡൻഷ്യൽ ക്യാമ്പ് ഏപ്രിൽ 28 മുതൽ മെയ് 1 വരെ കൈതപ്പൊയിൽ ലിസ കോളേജിൽ നടന്നു. 160 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. നാല് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ സിവിൽ സർവീസ് മേഖല, അതിന് താഴെയുള്ള വിവിധ അഡ്മിനിസ്ട്രേറ്റീവ് സർവീസ്സെക്ടറുകൾ എന്നിവ സംബന്ധിച്ച വിശദമായ ക്ലാസുകൾ നൽകി.

ഏപ്രിൽ 28ന് ക്യാമ്പിന്റെ ഉദ്ഘാടനം ഉത്തര മേഖല ക്രൈംബ്രാഞ്ച് വിഭാഗം ഐ ജി ശ്രീ. ജോസി ചെറിയാൻ നിർവഹിച്ചു. ന്യൂസ് 18 ചാനൽ അവതാരകൻ ടോം കുര്യാക്കോസ്, ഫാ. സബിൻ തൂമുള്ളിൽ, റൈസ് ടു ഐഎഎസ് ടീം കോഡിനേറ്ററും ഷെക്കെയ്ന ടിവി

അവതാരകനായ നിതിൻ ജോസ്, റൈസ് ടു ഐ എ എസ് ടീം മാനേജർ നോയൽ സിറിയക്, ലീഡ് ഐ എ എസ് അക്കാദമി ഫാക്കൾറ്റി സുബിൻ മാത്യു, 2026 യു പി എസ്സ് സി സിവിൽ സർവീസ് പരീക്ഷയിൽ 109-ാം റാങ്ക് കരസ്ഥമാക്കിയ അജയ് ആർ രാജ്, സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ, ശ്രീ ബർണാഡ് ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. കോഴിക്കോട് ജില്ലാ കലക്ടർ ശ്രീ. സ്നേഹിൽ കുമാർ സിംഗ് മുപ്പതാം തീയതി വൈകുന്നേരം ക്യാമ്പ് വിസിറ്റ് ചെയ്യുകയും മോട്ടിവേഷൻ ടോക്ക് നൽകുകയും ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ഒന്നരമണിക്കൂറോളം കുട്ടികളോടൊപ്പം ചിലവഴിക്കുകയും ചെയ്തു. വനപർവം മേഖലയിലേക്ക് നടത്തിയ ട്രക്കിംഗ്, ഐസ് ബ്രേക്കിംഗ്, ഗെയിംസ്, ഗ്രൂപ്പ് ആക്ടിവിറ്റീസ്, കൾച്ചുറൽ പ്രോഗ്രാം, സൂംബ ഡാൻസ് തുടങ്ങി നിരവധി പ്രോഗ്രാമുകൾ ക്യാമ്പിൽ സംഘടിപ്പിക്കാൻ സാധിച്ചു.

മെയ് ഒന്നാം തീയതി മാതാപിതാക്കളുടെ സംഗമം നടത്തി. രാവിലെ 9 മണിക്ക് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമികത്വത്തിൽ ദിവ്യബലിയും തുടർന്ന് സമാപന സമ്മേളനവും നടത്തി. എയ്ഡർ ടീം അംഗങ്ങളായസി. സ്നേഹ, സി. ക്രിസ്റ്റീന, സി. ജിസ്‌ലറ്റ്, സി. റീന, സി. സജിനി, സി. ആൻസ്, സി. എന്നിവരും കെസിവൈഎം താമരശ്ശേരി മേഖലയിലെ യുവജനങ്ങളും ക്യാമ്പിന് നേതൃത്വം നൽകി.

## എയ്ഡർ മെന്റേഴ്സിന് ആദരവ്

ADMINEX പ്രോഗ്രാമിന്റെ സമാപന സമ്മേളനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ടീമിനുവേണ്ടി സേവനം ചെയ്തുവരുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനെയും പ്രത്യേകമായി ക്ഷണിക്കുകയും ആദരിക്കുകയും ചെയ്തു. എസ് എ ബി എസ് -പ്രൊവിൻഷ്യൽ സി. ആനി, എം എസ് എം ഐ പ്രൊവിൻഷ്യൽ സി. സോജ, എം എസ് ജെ കോൺഗ്രിഗേഷൻ പ്രൊവിൻസി. ഷീല എന്നിവരും വിവിധ കോൺഗ്രിഷനകളുടെ പ്രതിനിധികളും യോഗത്തിൽ സംബന്ധിക്കുകയും ആദരം ഏറ്റുവാങ്ങുകയും ചെയ്തു.

## സിവിൽ സർവീസ് സ്കോളർഷിപ്പ്

സിവിൽ സർവീസ് പരീക്ഷക്കായി തയ്യാറെടുത്ത് ഡിഗ്രി പഠനത്തിനുശേഷം അവസാന ഘട്ടത്തിൽ എത്തിച്ചേരുന്ന 10 വിദ്യാർത്ഥികൾക്ക് താമരശ്ശേരി രൂപത സിവിൽ സർവീസ് സ്കോളർഷിപ്പ് നൽകുന്നതാണ്.

## Race 2 IAS സിവിൽ സർവീസ് ഇന്റർവ്യൂ

റൈസ് ടു ഐഎഎസ് ഒമ്പതാം എഡിഷനിൽ താമരശ്ശേരി രൂപതയിൽ നിന്നും ഇന്റർവ്യൂവിന് അർഹത നേടിയ 25 കുട്ടികൾ കോട്ടയത്ത് നടന്ന പേഴ്സണാലിറ്റി ടെസ്റ്റിൽ മെയ് അഞ്ചാം തീയതി പങ്കെടുത്തു.

## പ്രൊജക്ട് ജെംസ്-ഓൺലൈൻ സമ്മേളനം

അഞ്ചുവർഷത്തെ സിവിൽ-സർവീസ്, സ്കിൽ ഡെവലപ്മെന്റ് ഫോർമേഷൻ കോഴ്സ് ആയ പ്രൊജക്റ്റ് ജെംസ്-ന്റെ വിശദവിവരങ്ങൾ പങ്കുവെക്കുന്ന ഓൺലൈൻ മീറ്റിംഗ് മെയ് മാസം ഇരുപതാം തീയതി വൈകിട്ട് 6 മുതൽ 7 വരെ സംഘടിപ്പിച്ചു. 25 കുട്ടികളും അവരുടെ മാതാപിതാക്കളും യോഗത്തിൽ പങ്കെടുത്തു. പ്രൊജക്ട് ജെംസ് കോഡിനേറ്റേഴ്സ് നിതിൻ ജോസ്, നോയൽ സിറിയക് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## ജൂൺ മാസത്തെ കർമ്മപദ്ധതികൾ

1. അക്കാദമിക് ഇയർ ഓപ്പണിങ്
2. Race2IAS 10th എഡിഷൻ രജിസ്ട്രേഷൻ
3. Project Gems ക്ലാസുകൾ

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# അൽഫോൻസ കോളേജ് തിരുവമ്പാടി

### യാത്രയയപ്പും സ്വീകരണവും

തിരുവമ്പാടി അൽഫോൻസ കോളേജിന്റെ അഡ്മിനിസ്ട്രേറ്ററായി കഴിഞ്ഞ രണ്ട് വർഷം സേവനമനുഷ്ഠിച്ച ഫാ. മാത്യു കൊല്ലംപറമ്പിലിനു അൽഫോൻസ കുടുംബത്തിന്റെ നേതൃത്വത്തിൽ ഹൃദ്യമായ യാത്രയയപ്പ് നൽകി. കോളേജിന്റെ അക്കാദമിക വളർച്ച, സാമൂഹിക പ്രതിബദ്ധത, വിദ്യാർഥി ക്ഷേമപ്രവർത്തനങ്ങൾ എന്നിവയിൽ അദ്ദേഹം നൽകിയ മികച്ച നേതൃത്വവും ആത്മാർഥ സേവനവും ചടങ്ങിൽ അനുസ്മരിച്ചു. മാനേജ്മെന്റ് പ്രതിനിധികൾ, അധ്യാപകർ, അനധ്യാപക ജീവനക്കാർ, കോളേജ് യൂണിയൻ ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഫാ. മനോജ് കൊല്ലംപറമ്പിലിന്റെ സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തി ആശംസകളും ഉപഹാരങ്ങളും ചടങ്ങിൽ സമർപ്പിച്ചു. അൽഫോൻസ കോളേജിന്റെ പുതിയ ഉത്തരവാദിത്വം ഏറ്റെടുത്ത ഫാ. ആന്റണി കാരികുന്നേലിന് ഹൃദ്യമായ സ്വീകരണവും നൽകി.

### ഉന്നതവിജയം

ഡിഗ്രി പരീക്ഷാഫലത്തിൽ മികച്ച നേട്ടവുമായി അൽഫോൻസാ കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിഗ്രി കോഴ്സുകളുടെ പരീക്ഷാഫലങ്ങളിൽ തിരുവമ്പാടി അൽഫോൻസാ കോളേജ് ശ്രദ്ധേയ വിജയം കരസ്ഥമാക്കി. വിവിധ വിഭാഗങ്ങളിലെ വിദ്യാർഥികൾ ഉയർന്ന മാർക്കുകൾ നേടി കോളേജിന്റെ അക്കാദമിക മികവ് വീണ്ടും തെളിയിച്ചു. സൈക്കോളജി വിഭാഗത്തിൽ ഗായത്രി കെ., ബി.കോം ഫിനാൻസിൽ മുഹമ്മദ് ജാസിം കെ. എസ്., ബി.എ ഇംഗ്ലീഷിൽ ടെസ സജി, ബി.ബി.എയിൽ സയന കുരുവിള, ബി.കോം സി.എയിൽ അഖിൽ തോമസ്, ബി.എ ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷനിൽ അഞ്ജലി ദേവ് എന്നിവർ തങ്ങളുടെ

ഡിപ്പാർട്ട്മെന്റുകളിൽ മികച്ച വിജയം നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### ബിരുദ, ബിരുദാനന്തര കോഴ്സുകളിലേക്ക് പ്രവേശനം

തിരുവമ്പാടി അൽഫോൻസ കോളേജിൽ വിവിധ നാലുവർഷ ഡിഗ്രി കോഴ്സുകളിലേക്കും പി ജി കോഴ്സിലേക്കും അഡ്മിഷൻ ആരംഭിച്ചു. ബി.എ ഇംഗ്ലീഷ്, ബി.എ ജേർണലിസം ആൻഡ് മാസ് കമ്മ്യൂണി ക്കേഷൻ, ബി.കോം ഫിനാൻസ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.ബി.എ, ബി.സി.എ, ബി.എസ്.സി സൈക്കോളജി, എന്നീ ഡിഗ്രി കോഴ്സുകളിലേക്കും, പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ആയ എം.എസ്.സി. സൈക്കോളജി കോഴ്സിലേക്കും ആണ് പ്രവേശനം ആരംഭിച്ചിരി ക്കുന്നത്. നാല് വർഷ ഡിഗ്രി പദ്ധതിയിൽ മൈനർ സബ്ജക്ട് തിരഞ്ഞെടുക്കാനുള്ള അവസരവും, തൊഴിൽ അധിഷ്ഠിത മായവിവിധ ആഡ് ഓൺ കോഴ്സുകളും വിദ്യാർഥികൾക്ക് ലഭ്യമാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് - 0495 2254055, 8606890272.

**ഫാ. ആന്റണി കാരികുന്നേൽ**
അൽഫോൻസ കോളേജ്

## വിദ്യാഭ്യാസ രംഗം

### എസ്.എസ്. എൽ.സി. പരീക്ഷാഫലം

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ താമരശ്ശേരി കോർപ്പറേറ്റിലെ 20 ഹൈസ്കൂളുകളിൽ 18 സ്കൂളുകളും 100% വിജയംനേടി മികവ് നിലനിർത്തിയിരിക്കുകയാണ്. 247 കുട്ടികൾ മുഴു വൻ വിഷയങ്ങൾക്കും A+ കരസ്ഥമാക്കി. മികച്ച വിജയം നേടിയ വിദ്യാർഥികളെയും അതിനായി അദ്ധ്വാനിച്ച അധ്യാപകർ, രക്ഷിതാ

ക്കൾ, അനധ്യാപകർ, നേതൃത്വം നൽകിയ പ്രധാനധ്യാപകർ എന്നിവരെയെല്ലാം പ്രത്യേകം അഭിനന്ദിക്കുന്നു!

| SI. No. | Name of School | No. of Students | | | |
|---|---|---|---|---|---|
| | | Appeared | EHS | Full A+ | Total % |
| 1 | St. Joseph’s HS Chempanoda | 98 | 98 | 23 | 100% |
| 2 | St. Mary’s HS Kakkadampoil | 13 | 13 | 0 | 100% |
| 3 | St. Mary’s HS Kallanode | 103 | 103 | 20 | 100% |
| 4 | St. Antony’s HS Kannoth | 210 | 207 | 18 | 98.6% |
| 5 | Holy Family HS Kattippara | 186 | 186 | 5 | 100% |
| 6 | St. Joseph’s HS Kodanchery | 157 | 157 | 22 | 100% |
| 7 | St. Sebastian’s HS Koodaranhi | 199 | 199 | 15 | 100% |
| 8 | St. Thomas HS Koorachundu | 174 | 174 | 23 | 100% |
| 9 | St. George’s HS Kulathuvayal | 151 | 151 | 14 | 100% |
| 10 | PTCM HS Kunduthode | 69 | 69 | 5 | 100% |
| 11 | Marygiri HS Maramchtty | 14 | 14 | 1 | 100% |
| 12 | St. Mary’s HS Maruthonkara | 73 | 73 | 6 | 100% |
| 13 | St. John’s HS Nellipoyil | 96 | 95 | 7 | 100% |
| 14 | Holy Family HS Padathukadave | 85 | 85 | 6 | 100% |
| 15 | St. Sebastian’s HS Punnackal | 31 | 31 | 6 | 100% |
| 16 | St. Joseph’s HS Pullurampara | 180 | 180 | 28 | 100% |
| 17 | Sacred Heart HS Thiruvambady | 304 | 304 | 26 | 100% |
| 18 | Holy Family HS Venappara | 114 | 113 | 7 | 99.12% |
| 19 | St. George’s HS Vilangad | 68 | 68 | 9 | 100% |
| 20 | St. Thomas HS Thottumukkam | 109 | 109 | 6 | 100% |
| | **TOTAL** | **2434** | **2433** | **247** | **99.8%** |

### പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം 07/05/2026 ന് താമരശ്ശേരി ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ ചേർന്നു. സ്കൂൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തി. കുട്ടികളുടെ പ്രവേശന നടപടികൾ, സ്കൂൾ കെട്ടിടങ്ങളുടെ

അറ്റകുറ്റപ്പണികൾ, മുതലായവ സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനമായി. ഈ വർഷം കുട്ടികളുടെ കുറവുമൂലം ഡിവിഷൻ നഷ്ടപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നതായി പ്രധാനധ്യാപകർ റിപ്പോർട്ട് ചെയ്തു. പരാമവധി കുട്ടികളെ ചേർത്ത് നിലവിലുള്ള ക്ലാസ്സ് ഡിവിഷനുകൾ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കോർപ്പറേറ്റ് മാനേജർ പ്രധാനധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദരാഞ്ജലികൾ

താമരശ്ശേരി രൂപതയുടെ മുൻകോർപ്പറേറ്റ് മാനേജരായിരുന്ന ബഹു. മാത്യു മറ്റക്കോട്ടിൽ അച്ചന്റെ വേർപാടിൽ അനുശോചനം അറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ശൈശവദശയിൽ ദീർഘവീക്ഷണത്തോടെ ഒട്ടേറെ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വിദ്യാഭ്യാസ മേഖലയ്ക്ക് അതുല്യമായ സംഭാവനകൾ നൽകുകയും ചെയ്ത മാത്യു അച്ചന്റെ നിര്യാണം അത്യന്തം വേദനാജനകമാണ്. അച്ചന്റെ സേവനങ്ങളെ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

വിവിധ കോർപ്പറേറ്റ് സ്കൂളുകളിൽ ദീർഘകാലം പ്രധാനധ്യാപകരായി സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലായിരുന്ന ശ്രീ. വി.സി. ജോസഫ് (റിട്ട.എച്ച്.എം. തലയാട് എ.എൽ.പി. സ്കൂൾ), സി. ത്രേസ്യാമ്മ ജോസഫ് (സി. ക്രിസ്പിൻ എഫ്.സി.സി., റിട്ട. എച്ച്.എം., കോടഞ്ചേരി, സെന്റ് മേരീസ് എൽ.പി.സ്കൂൾ), ശ്രീ. പി.എം. സ്കറിയ (റിട്ട.എച്ച്.എം. കരിങ്ങാട് സെന്റ് മേരീസ് എൽ.പി. സ്കൂൾ) എന്നീ അധ്യാപക ശ്രേഷ്ഠരും സമീപകാലത്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയുണ്ടായി. പ്രിയപ്പെട്ട ഈ അധ്യാപക ശ്രേഷ്ഠരെ പ്രാർഥനാപൂർവം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## 2026-2027 അധ്യയന വർഷത്തേക്കുള്ള പ്രവേശനം

ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ START-ൽ 2026-28 അധ്യയന വർഷത്തേക്കുള്ള പ്രവേശനം തുടരുന്നു. കേന്ദ്രസർവ്വകലാശാലകൾ, IIT, IIM, NIT തുടങ്ങിയ പ്രമുഖ ദേശീയ പ്രീമിയം ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പ്രവേശനപരീക്ഷകൾക്ക് വിദ്യാർഥികളെ സജ്ജരാക്കുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

## +1, +2 ഹയർ സെക്കൻഡറി ബാച്ചുകൾ

2026-28 അധ്യയന വർഷത്തേക്കുള്ള +1, +2 ക്ലാസുകളിലേക്ക് പ്രവേശനം ആരംഭിച്ചു. ഓരോ ബാച്ചിലും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 30 പേർക്ക് മാത്രമാണ് പ്രവേശനം.

### *വിഷയങ്ങൾ*

സയൻസ്: ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി/ കമ്പ്യൂട്ടർ സയൻസ്

കൊമേഴ്സ്: അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/മാത്തമാറ്റിക്സ്

## പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിംഗ് (PFT)

+2 പൂർത്തിയാക്കിയ വിദ്യാർഥികൾക്കായി ഒരു വർഷത്തെ സമഗ്ര പരിശീലന പരിപാടി. കരിയർ ദിശാബോധം, ആശയവിനിമയ ശേഷി, നേതൃഗുണം എന്നിവ വളർത്തിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിനും ദേശീയ പ്രവേശന പരീക്ഷകൾക്കും വിദ്യാർഥികളെ പ്രാപ്തരാക്കുന്നു.

## AI & Python ട്രെയിനിംഗ്

Machine Learning, Data Science എന്നിവയുടെ അടിസ്ഥാനമായ

Python Programming-ൽ പ്രായോഗിക പരിശീലനം. സ്കൂൾ-കോളേജ് വിദ്യാർഥികൾക്കായി എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കും. എല്ലാ കോഴ്സുകളിലേക്കും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്: https://www.startindia.org/online

## മൾട്ടിപ്പിൾ ഇന്റലിജൻസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

6 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ വ്യത്യസ്ത ബുദ്ധിശക്തികളും അഭിരുചികളും ശാസ്ത്രീയമായി കണ്ടെത്തി, അനുയോജ്യമായ പഠന-തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ടെസ്റ്റ്.

## നന്ദിയും സ്വാഗതവും

2025-2026 അധ്യയന വർഷം START ൽ സേവനം ചെയ്ത് പുതിയ ശുശ്രൂഷാ മേഖലയിലേക്ക് നിയുക്തയായ ബഹു. സി. ലിജി SKD ക്ക് താമരശ്ശേരി രൂപതയുടെയും START കുടുംബത്തിന്റെയും നന്ദി.

START ൽ പുതിയ ഉത്തരവാദിത്വം ഏറ്റെടുത്ത് ശുശ്രൂഷ ആരംഭിക്കുന്ന ബഹു. സി. റോസ് SKD - യെ സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

കോഴ്സുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. website: www.startindia.org email: startcalicut22@gmail.com Contact: 0495-2357843, 9037107843 (Office), 9744458111 (Director).

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺ ലൈൻ ആയും, നടക്കുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ജെപിഐയിൽ ലഭ്യമാണ്.

## കോഴ്സുകൾ

1. എം.എസ്സി.ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം.എസ്.സി.ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

## അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കുവാനും പ്രവർത്തനസജ്ജമായ 'ഹോപ്പ് ലൈൻ' എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചുവരുന്നു. സംസാരിക്കുന്നതിനായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.
2. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026-2028 ബാച്ച് (ഓഫ് ലൈൻ/ ഓൺ ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ 9447229495 ബന്ധപ്പെടുക.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# വികസന വേദി

## കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതി വീട് വെഞ്ചിരിപ്പ്

കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 70 വീടുകളിൽ, കെ.സി.എം.എസിന്റെയും വിവിധ സന്യാസസഭകളുടെയും കോഴിക്കോട്, താമരശ്ശേരി രൂപതകളുടെ സഹായത്തോടെയും നിർമിച്ച വീടുകളുടെ വെഞ്ചിരിപ്പ് വിലങ്ങാട് നടന്നു. കെസിബിസി പ്രസിഡണ്ടും കോഴിക്കോട് അതിരൂപത ആർച്ച് ബിഷപ്പുമായ മോസ്റ്റ്. റവ. ഡോ. വർഗീസ് ചക്കാലക്കൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു വീടിന്റെ താക്കോൽ കുടുംബാംഗങ്ങൾക്ക് കൈമാറി.

ചടങ്ങിൽ കെഎസ്എസ്എഫ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, സിഒഡി പ്രസിഡന്റ് മോൺ. അബ്രാഹം വയലിൽ, കോഴിക്കോട് അതിരൂപത വികാരി ജനറാൾ ഫാ. ജെയ്സൺ പുത്തൻവീട്ടിൽ, സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, കെസിബിസി ഡിസാസ്റ്റർ മിറ്റിഗേഷൻ കമ്മിറ്റി അംഗം ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കെസിഎംഎസ് പ്രസിഡന്റ് സി. ഡോ. ആർദ്ര എസ്ഐസി തുടങ്ങിയവർ പങ്കെടുത്തു.

## വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ടം സമാപനം

2024 ജൂലൈ 30-ലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ദുരിതമനുഭവിച്ച കുടുംബങ്ങൾക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെസിബിസി) നേതൃത്വത്തിൽ താമരശ്ശേരി രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയായ സിഒഡി നടപ്പാക്കിയ പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി നിർമിച്ച 70 വീടുകളുടെ താക്കോൽദാനവും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ പള്ളി അങ്കണത്തിൽ നടന്നു.

കെസിബിസി പ്രസിഡന്റും കോഴിക്കോട് അതിരൂപത ആർച്ച് ബിഷപ്പുമായ മോസ്റ്റ്. റവ. ഡോ. വർഗീസ് ചക്കാലക്കൽ യോഗം ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആമുഖപ്രഭാഷണം നടത്തി.

വിലങ്ങാടിനായി കെസിബിസി പ്രഖ്യാപിച്ച 41 വീടുകളും വിവിധ സന്യാസസഭകളുടെയും രൂപതകളുടെയും സംഘടനകളുടെയും സഹായത്തോടെ നിർമ്മിച്ച 29 വീടുകളും ഉൾപ്പെടുത്തി 70 വീടുകളാണ് പുനരധിവാസത്തിന്റെ ആദ്യഘട്ടത്തിൽ നിർമ്മിച്ചത്. 21 മാസങ്ങൾക്കുള്ളിലാണ് 70 വീടുകളുടെ നിർമാണം പൂർത്തിയാക്കിയത്. കുടുംബങ്ങളുടെ ആവശ്യങ്ങളും അംഗസംഖ്യയും പരിഗണിച്ച് കുറഞ്ഞത് 1000 ചതുരശ്ര അടിയുള്ള വ്യത്യസ്ത മാതൃകകളിലുള്ള വീടുകളാണ് നിർമിച്ചത്. കുടുംബങ്ങൾ തിരഞ്ഞെടുത്ത സ്ഥലങ്ങളിലായിരുന്നു വീടുകളുടെ നിർമാണം. പദ്ധതിയുടെ രണ്ടാം ഘട്ടമായ 12 വീടുകളുടെ നിർമാണം ഇപ്പോൾ പുരോഗമിക്കുന്നു.

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിലായിരുന്നു പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. താമരശ്ശേരി രൂപതയിൽ സിഒഡി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ചടങ്ങിൽ മോൺ. അബ്രഹാം വയലിൽ, ഫാ. തോമസ് തറയിൽ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ബോണി അഗസ്റ്റിൻ സിഎംഐ., സിസ്റ്റർ ഡോ. ആർദ്ര എസ്.ഐ.സി., സിസ്റ്റർ ജസീന എ.സി., ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, റെജി ജെ. കരോട്ട്, ഷെബി സെബാസ്റ്റ്യൻ, ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ സംസാരിച്ചു. രാഷ്ട്രീയ, സാമൂഹിക, മത മേഖലകളിലെ പ്രമുഖർ, വിവിധ സംഘടനാ പ്രതിനിധികൾ, വൈദികർ, സന്യസ്തർ, പ്രദേശവാസികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. മഞ്ഞക്കുന്ന് ഇടവകവികാരി ഫാ. ബോബി പൂവത്തിങ്കൽ, സിഒഡി പ്രോജക്റ്റ് കോർഡിനേറ്റർ ആൽബിൻ സക്കറിയാസ്, പ്രോജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ്. നാഥ്,

പ്രിൻസ് തോമസ്, ക്രിസ്റ്റീന റോസ് ജോർജ്, ഷാനി ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### *സേഫ് വിതിൻ* : വിലങ്ങാട് ടാസ്ക് ഫോഴ്സ് ഉദ്ഘാടനം

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ കേരള സോഷ്യൽ സർവീസ് ഫോറവും (കെഎസ്എസ്എഫ്), താമരശ്ശേരി രൂപത സാമൂഹിക സേവന വിഭാഗമായ സിഒഡിയും ചേർന്ന് നടപ്പാക്കുന്ന "സേഫ് വിതിൻ: റീകണക്ട് വയനാട് ആൻഡ് വിലങ്ങാട്" പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച വിലങ്ങാട് ടാസ്ക് ഫോഴ്സ് ടീമിന്റെ ഉദ്ഘാടനം നടന്നു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലും മേപ്പയ്യൂർ സലഫിയ കോളേജ് അസോസിയേഷൻ പ്രസിഡന്റ് ഡോ. ഹുസൈൻ മടവൂരും ചേർന്ന് ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് ജേഴ്സി നൽകിയാണ് ഉദ്ഘാടനം നിർവഹിച്ചത്. സിഒഡി കോർഡിനേറ്റർ ക്രിസ്റ്റീന റോസ് ജോർജ്, കമ്മ്യൂണിറ്റി മൊബിലൈസർ ഷാനി ജോസഫ് എന്നിവരും പ്രദേശത്തെ സന്നദ്ധപ്രവർത്തകരും വിവിധ സംഘടനാ പ്രതിനിധികളും പരിപാടിയിൽ പങ്കാളികളായി.

### ജെ.എൽ.ജി ക്യാമ്പ്

കാനറ ബാങ്കിന്റെ വിവിധ ശാഖകളുടെ നേതൃത്വത്തിൽ ജെ.എൽ.ജി (Joint Liability Group) റിന്യൂവൽ ക്യാമ്പുകൾ വിജയകരമായി പൂർത്തിയാക്കി. അടിവാരം, പൂനൂർ, താമരശ്ശേരി എന്നീ കാനറാ ബാങ്ക് ശാഖകളുടെ നേതൃത്വത്തിൽ ആണ് വായ്പാ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചത്. ചക്കിട്ടപ്പാറ, അടിവാരം, വെറ്റിലപ്പാറ, വിലങ്ങാട് എന്നീ മേഖലകളിൽ ജെ.എൽ.ജി വായ്പകളുടെ വിതരണം നടന്നു.

ഇത്തരം ക്യാമ്പുകളിലൂടെ ഗ്രൂപ്പ് അംഗങ്ങൾക്ക് തങ്ങളുടെ വായ്പകൾ കൃത്യസമയത്ത് പുതുക്കാനും, ഭാവി പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം ഉറപ്പാക്കാനും സാധിച്ചു. സിഒഡി പ്രോഗ്രാം ഓർഡിനേറ്റർ കെ.സി.ജോയ് വായ്പ വിതരണ ക്യാമ്പിൽ പങ്കെടുത്തു.

### എസ്.എച്ച്.ജി വാർഷിക ഓഡിറ്റ്

സിഒഡിയുടെ എസ്.എച്ച്.ജി ഗ്രൂപ്പുകളുടെ വാർഷിക ഓഡിറ്റ്

ഏരിയ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ക്രമബദ്ധമായി നടത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ വരവ്-ചെലവ് വിവരങ്ങൾ, സമ്പാദ്യങ്ങൾ, വായ്പ വിതരണം, തിരിച്ചടവ് രേഖകൾ എന്നിവ വിശദമായി വിലയിരുത്തി.

പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ.സിയുടെ നേതൃത്വത്തിൽ കാഷ്ബുക്ക്, ലെഡ്ജർ, ബാങ്ക് പാസ്ബുക്ക് തുടങ്ങിയ രേഖകൾ പരിശോധിച്ച് ആവശ്യമായ നിർദേശങ്ങളും മാർഗനിർദേശങ്ങളും നൽകി. ഓഡിറ്റിലൂടെ ഗ്രൂപ്പുകളുടെ സാമ്പത്തിക സുതാര്യതയും പ്രവർത്തന കാര്യക്ഷമതയും കൂടുതൽ ശക്തിപ്പെട്ടു.

## സിഒഡി ഡയറക്ടർ വിസിറ്റ്

സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര വിവിധ മേഖലകളിലെ ജിവിഎസ് (GVS) യോഗങ്ങൾ സന്ദർശിച്ചു. വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, പുതുപ്പാടി, തിരുവമ്പാടി, കൂടരഞ്ഞി, വെറ്റിലപ്പാറ, പരിയാപുരം തുടങ്ങിയ മേഖലകളിലാണ് യോഗങ്ങൾ നടന്നത്. പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയ്, പ്രോജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ്. നാഥ് എന്നിവർ യോഗങ്ങളിൽ പങ്കെടുത്തു. ഏരിയ കോർഡിനേറ്റർമാർ പരിപാടികൾ ഏകോപിപ്പിച്ചു. സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സമൂഹാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമാണ് സന്ദർശനങ്ങൾ സംഘടിപ്പിച്ചത്.

## ഏരിയ കോർഡിനേറ്റേഴ്സ് മീറ്റിംഗ്

സിഒഡി ഏരിയ കോർഡിനേറ്റർമാരുടെ പ്രതിമാസ മീറ്റിംഗ് താമരശ്ശേരി അൽഫോൻസ ഹാളിൽ നടന്നു. കഴിഞ്ഞ മാസത്തിലെ പ്രവർത്തനങ്ങളുടെ അവലോകനവും അടുത്ത മാസത്തേക്കുള്ള പ്രവർത്തന പദ്ധതികളുടെ ആസൂത്രണവും യോഗത്തിൽ നടന്നു. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങരയും പ്രോഗ്രാം കോർഡിനേറ്റർ കെ.സി ജോയിയും യോഗത്തിന് നേതൃത്വം നൽകി. വിവിധ മേഖലകളിലെ പ്രവർത്തന പുരോഗതി, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പദ്ധതികളുടെ ഏകോപനം, ഫീൽഡ് തലത്തിലെ വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

## കൂരാച്ചുണ്ട് അഫ്മ സംഗമം

എജ്ഡ് ഫാദേഴ്സ് ആൻഡ് മദേഴ്സ് അസോസിയേഷൻ (AFMA) സംഗമം സംഘടിപ്പിച്ചു. കൂരാച്ചുണ്ട് മേഖലയിലെ മുതിർന്ന പൗരന്മാരെ ഒരുമിപ്പിച്ച് സാമൂഹിക പങ്കാളിത്തവും മാനസിക ഉല്ലാസവും വർധിപ്പിക്കുന്നതിനായാണ് സംഗമം നടത്തിയത്. യോഗത്തിൽ വയോജനങ്ങളുടെ ക്ഷേമം, ആരോഗ്യപരിപാലനം, സാമൂഹിക സുരക്ഷ, കൂട്ടായ്മയുടെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. വിവിധ കലാപരിപാടികളും സംവാദങ്ങളും സംഗമത്തിന്റെ ഭാഗമായി നടന്നു. ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. പ്രദേശത്തെ വയോജന ഫോറം അംഗങ്ങളും സാമൂഹിക പ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു. സംഘാടകർ പരിപാടികൾക്ക് നേതൃത്വം നൽകി.

# കേരള ലേബർ മൂവ്മെന്റ്

## തൊഴിലാളി ദിനാചരണം

കേരള ലേബർ മൂവ്മെന്റിന്റെ (KLM) നേതൃത്വത്തിൽ വിലങ്ങാട് സെന്റ് ജോർജ് ഫൊറോനാ ദേവാലയങ്കണത്തിൽ തൊഴിലാളി ദിനാചരണം സംഘടിപ്പിച്ചു. കെ.എൽ.എം രൂപത പ്രസിഡന്റ് ജോഷി ജോസഫ് കുമ്പുക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം താമരശ്ശേരി രൂപത കെ.എൽ.എം ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു.  കെ.എൽ.എം സ്റ്റേറ്റ് കമ്മിറ്റി അംഗവും രൂപത വൈസ് പ്രസിഡന്റുമായ സ്റ്റീഫൻ കെ.എസ് കൊട്ടാരത്തിൽ തൊഴിലാളി ഫോറങ്ങളുടെ പ്രസക്തിയെക്കുറിച്ച് ക്ലാസ് നയിക്കുകയും വിവിധ ക്ഷേമനിധി പദ്ധതികളിലെ ആനുകൂല്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കെ.എൽ.എം എക്സിക്യൂട്ടീവ് അംഗം സാബു തോമസ് മുട്ടത്തുകുന്നേൽ സ്വാഗതവും ജെസ്സി പൊന്മല

കുന്നേൽ നന്ദിയും രേഖപ്പെടുത്തി. കെ.എൽ.എം കോർഡിനേറ്റർ ടെസ്സ സിബി പരിപാടികൾക്ക് നേതൃത്വം നൽകി.

### ചെറുകിട തോട്ടം തൊഴിലാളി സംഗമം

കേരള ലേബർ മൂവ്മെന്റിന്റെ (KLM) നേതൃത്വത്തിൽ ചെറുകിട തോട്ടം തൊഴിലാളി സംഗമം സംഘടിപ്പിച്ചു. തൊഴിലാളികൾക്കായുള്ള ക്ഷേമനിധി പദ്ധതികളും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും സംബന്ധിച്ച് സംഗമത്തിൽ ബോധവത്കരണം നടത്തി. കേരള ടെയിലറിംഗ് വെൽഫെയർ ഫോറം (KTWF), കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF), സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (SNTU) എന്നീ ട്രേഡ് യൂണിയനുകളിലേക്ക് 30 വ്യക്തികൾ അംഗത്വം സ്വീകരിച്ചു.

വിലങ്ങാട്, മഞ്ഞക്കുന്ന്, വാളൂക്ക് മേഖലകളിൽ കെ.എൽ.എം പ്രാദേശിക യൂണിറ്റുകൾ രൂപീകരിക്കുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. കെ.എൽ.എം കോർഡിനേറ്റർ ടെസ്സ സിബിയും സി.ഒ.ഡി വിലങ്ങാട് ഏരിയ കോർഡിനേറ്റർ ഉഷ ജോണിയും പരിപാടികൾക്ക് നേതൃത്വം നൽകി.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### അഡ്മിഷൻ

കർണാടക നഴ്സിംഗ് അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും ബാംഗ്ലൂർ, മംഗലാപുരം, മൈസൂർ, ഹസ്സൻ എന്നിവിടങ്ങളിൽ കോളേജ് പ്രതിനിധികളുമായി സന്ദർശനം സംഘടിപ്പിച്ചു.

2026-27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post

BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്‌സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ബുക്ക് ചെയ്യാൻ 9447929223 നമ്പറിൽ വിളിക്കുക.

### സ്പ്രിംഗ് ബോർഡ്

കോട്ടയം മഹാരാജാസ് കോളേജിലെ വിദ്യാർഥികൾക്കായി ക്ലാസ് (സ്പ്രിംഗ് ബോർഡ്) സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, എൽഡിഎസ് ട്രെയിനർ ശ്രീ. മാത്യു മേൽവെട്ടം എന്നിവർ ക്ലാസുകൾ നയിക്കുകയും ഷിനോജ് പി. സി, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകുകയും ചെയ്തു. 250 വിദ്യാർഥികളും അവരുടെ മാതാപിതാക്കളും ഇതിൽ പങ്കാളികളായി.

### ക്ലാസ്സ്

കാറ്റുള്ളമല ഇടവകയിലെ പിതാക്കന്മാർക്കായി നടത്തിയ സംഗമത്തിൽ ഫാ. തോമസ് പാറൻകുളങ്ങരയും മാത്യു ഇമ്മാനുവൽ മേൽവെട്ടവും ക്ലാസുകൾ നയിച്ചു.

### ഡി സി എൽ മീറ്റിംഗ്

കണ്ണൂരിൽ നടന്ന ഡിസിഎൽ സമ്മേളനത്തിൽ എൽഡിഎസ് ട്രെയിനർ മാത്യു മേൽവെട്ടം പങ്കെടുത്തു.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിലെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന TAFCOS സഹകരണ സംഘം 2026 മെയ് മാസത്തിൽ പൊതുജനങ്ങൾക്കും അംഗങ്ങൾക്കും മികച്ചതും വിശ്വസനീയവുമായ ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി.

മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി TAFCOS മൊബൈൽ അപ്ലിക്കേഷൻ ഇപ്പോൾ Android ഫോണുകൾക്ക് പുറമെ iPhone (iOS) ഉപയോക്താക്കൾക്കും ലഭ്യമായി. ഈ മൊബൈൽ അപ്ലിക്കേഷൻ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും, അക്കൗണ്ട് വിവരങ്ങൾ പരിശോധിക്കാനും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയതും സുരക്ഷിതവുമായ പണമിടപാടുകൾ സാധ്യമാകുന്നു.

വിവിധ സലകളുടെ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ മികച്ച സ്വീകരണം നേടി. COD യുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും ഏപ്രിൽ മാസത്തിൽ സജീവമായി തുടർന്നു.

TAFCOS ന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടരഞ്ഞി, പാറോപ്പടി, വെറ്റിലപ്പാറ ഇടവകകളിൽ അംഗത്വ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, പുതിയ അംഗങ്ങളെ സൊസൈറ്റിയിലേക്ക് ചേർക്കുകയും ചെയ്തു.

ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനിയാഴ്ച വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തിക്കുന്നു.

## Institute of Food and Agricultural Ethics (IFAE)

**സ്വാഗതം**

IFAE യുടെ പ്രവർത്തങ്ങൾ കൂടുതൽ ഏകോപിപ്പിക്കാനും കരുത്ത് പകരുവാനും പുതിയ അസിസ്റ്റന്റ് ഡയറക്ടർ ആയി ഫാ. ജോൺ കോനുക്കുന്നേൽ ചുമതലയേറ്റു.

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

### കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനില ക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോമായ കിസാൻഭാരത് ഏപ്രിൽ മാസത്തിലും കൂടുതൽ കർഷകരെയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു.

കിസാൻ ലൈൻ  കർഷകർക്കായി സൗജന്യ സഹായ സേവനം. കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24 x 7 സൗജന്യ ഹെൽപ്പ് ലൈൻ സേവനം. ഏപ്രിൽ മാസത്തിലും സജീവമായി തുടരുകയും നിരവധി കർഷകർക്ക് പ്രയോജനകരമാവുകയും ചെയ്തു. ടോൾഫ്രീ: 1800 425 3777, www.kisanline.com, IFAE യുടെ കാർഷികവും ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

## യൂറോപ്പ് തീർഥാടനം: സെപ്റ്റംബർ-ഒക്ടോബർ

മാർപാപ്പയെ കാണാനുള്ള സുവർണാവസരം ഉൾപ്പെടു ത്തിയ യൂറോപ്പ് തീർഥാടനം 2026 ഏപ്രിൽ 27ന് പുറപ്പെട്ട് വത്തിക്കാൻ ഉൾപ്പെടെ തീർഥാടനകേന്ദ്രങ്ങൾ സന്ദർശിച്ച് തിരികെയെത്തി. അടുത്ത തീർഥാടനം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ്.

## വിശുദ്ധനാട് തീർഥാടനം: സെപ്റ്റംബർ-ഒക്ടോബർ

യേശുക്രിസ്തു ജീവിച്ച നാടുകളിലൂടെയുള്ള ആത്മീയ തീർഥാടനം 2026 സെപ്റ്റംബറിലും ഒക്ടോബറിലും ക്രമീകരിച്ചിരിക്കുന്നു.

*മറ്റു യാത്രകൾ:* തീർഥാടന യാത്രകൾക്ക് പുറമെ വിനോദ സഞ്ചാര-ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഗോവ, ഡൽഹി, ആഗ്ര, അമൃത്സർ, ദുബായ്, സിംഗപ്പൂർ, മലേഷ്യ, വിയറ്റ്നാം യാത്രകൾ.

## സംഘാടന പ്രത്യേകതകൾ

എല്ലാ യാത്രകളിലും വൈദികരുടെ ആത്മീയനേതൃത്വം ♦ പരിചയ സമ്പന്നരായ ടൂർ മാനേജർമാർ ♦ പ്രൊഫഷണൽ ഗൈഡുകൾ ♦ യാത്രയ്ക്കു മുൻപ് പ്രത്യേക ഓറിയന്റേഷൻ ♦ വാട്സ്ആപ്പ് ഗ്രൂപ്പി ലൂടെ തത്സമയ വിവരവിനിമയം ♦ യാത്രയിലുടനീളം ആത്മീയ ശുശ്രൂഷകളും ആരാധനകളും.

## ബുക്കിംഗ് നടപടിക്രമം

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്: യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക – PH: 9447008376.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്

# ഇൻഫാം

## മേഖല സമ്മേളനം

മെയ് 20-ാം തീയതി തലശ്ശേരിയിൽ നടന്ന ഇൻഫാമിന്റെ മേഖല സമ്മേളനത്തിൽ താമരശ്ശേരി യൂണിറ്റിന്റെ പ്രതിനിധികളും സജീവമായി പങ്കെടുത്തു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ, കർഷക വിഷയങ്ങൾ, അംഗങ്ങളുടെ പങ്കാളിത്തം എന്നിവ സംബന്ധിച്ച് ചർച്ചകൾ നടന്നു.

## വിത്ത് തേങ്ങ കയറ്റി അയക്കൽ

ഇൻഫാമിന്റെ നേതൃത്വത്തിൽ 15,000 വിത്ത് തേങ്ങകൾ കാഞ്ഞിരപ്പള്ളിയിലേക്ക് വിജയകരമായി കയറ്റി അയച്ചു. കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പാക്കിയത്.

## ഇൻഫാം പ്രമോഷൻ ഭവന സന്ദർശനം

ഇൻഫാമിന്റെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വെറ്റിലപ്പാറ, പാറോപ്പടി, കൂടരഞ്ഞി ഇടവകകളിൽ ഭവന സന്ദർശനങ്ങൾ നടത്തി. സന്ദർശനങ്ങളിലൂടെ നിരവധി ആളുകളെ ഇൻഫാമിലേക്ക് അംഗങ്ങളായി ചേർക്കുന്നതിനും സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും സാധിച്ചു.

## അംഗത്വ കാർഡ് വിതരണം

ഇൻഫാം മെമ്പർഷിപ്പ് കാർഡുകളുടെ വിതരണം ആരംഭിച്ചു.

ഇൻഫാമിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഈ പ്രവർത്തനങ്ങൾ സംഘടനയുടെ ശക്തമായ മുന്നേറ്റത്തിന്റെയും അംഗങ്ങളുടെ സജീവ പങ്കാളിത്തത്തിന്റെയും തെളിവുകളാണ്.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം



# യേശുനിധി

2026 ഏപ്രിൽ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Kalkundu | 10,000.00 |
| 2 | Kulathuvayal | 10,000.00 |
| 3 | Koodaranji | 15,000.00 |
| 4 | Kodanchery | 8,000.00 |
| 5 | Kodanchery | 15,000.00 |
| 6 | Kattipara | 15,000.00 |
| 7 | Paropady | 10,000.00 |
| | **Home** | |
| 8 | Kattipara | 15,000.00 |
| 9 | Pushpagiri | 15,000.00 |
| 10 | Pushpagiri | 15,000.00 |
| 11 | Kodanchery | 15,000.00 |
| 12 | Pushpagiri | 10,000.00 |
| 13 | Kattullamala | 15,000.00 |
| 14 | Kattullamala | 10,000.00 |
| 15 | Balussery | 15,000.00 |
| 16 | Karingad | 15,000.00 |
| 17 | Koodaranji | 10,000.00 |
| 18 | Pathirikode | 10,000.00 |
| 19 | Pandalloor | 10,000.00 |
| 20 | Koomully | 15,000.00 |
| 21 | Anackampoil | 15,000.00 |
| 22 | Anackampoil | 15,000.00 |
| 23 | Chappanthottam | 10,000.00 |
| | **Medical** | |
| 24 | Muthappanpuzha | 12,000.00 |
| 25 | Kakkavayal | 10,000.00 |
| 26 | Muthukad | 12,000.00 |
| 27 | Pushpagiri | 12,000.00 |
| 28 | Koodathai | 15,000.00 |
| 29 | Muthappanpuzha | 15,000.00 |
| 30 | Venappara | 20,000.00 |
| 31 | Koodathai | 15,000.00 |
| 32 | Anackampoil | 10,000.00 |
| 33 | Vettilappara | 15,000.00 |
| 34 | Valliyadu | 6,000.00 |
| 35 | Thiruvambady | 15,000.00 |
| 36 | Anackampoil | 8,000.00 |
| 37 | Theyyappara | 100,000.00 |
| 38 | Pushpagiri | 12,000.00 |
| 39 | Kunnamangalam | 10,000.00 |
| 40 | Vilangad | 15,000.00 |
| 41 | Poothampara | 10,000.00 |
| 42 | Thiruvambady | 15,000.00 |
| | **Marriage** | |
| 43 | Chamal | 20,000.00 |
| 44 | Muthukad | 20,000.00 |
| 45 | Nenmeni | 20,000.00 |
| | **Miscellaneous** | |
| 46 | Kulathuvayal | 15,000.00 |
| | **Total** | **6,95,000.00** |

**ഫാ. ജോർജ് മുണ്ടനാട്ട്**
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

## ഏപ്രിൽ

27 രാവിലെ, നൂറാംതോട് സെന്റ് ജോസഫ് ദൈവാലയത്തിൽ, റിഡംപ്റ്ററിസ്റ്റ് സന്യാസ സമൂഹാംഗമായ ഡീ. അബ്രഹാം ചേനംപറമ്പിൽ CSsR ന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, കുപ്പായക്കോട് പുതുക്കി പണിത എം.എസ്.എം.ഐ. സന്യാസിനി ഭവനം വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ചു.

28 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, ഏതാനും കുട്ടികളുടെ ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

പാറോപ്പടി ഇടവക ദൈവാലയത്തിൽ, സന്യാസത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുഹൃദയ സന്യാസി നിസമൂഹ അംഗങ്ങൾക്കായി വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് പാറോപ്പടി പാരിഷ് ഹാളിൽ സംഘടിപ്പിച്ച അനുമോദന യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചയ്ക്ക്, ബഹു. മാത്യു മറ്റക്കോട്ടിൽ അച്ചന്റെ വിയോഗ വാർത്ത അറിഞ്ഞ ഉടൻ അഗസ്ത്യാമുഴി സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ഭൗതികദേഹം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

വൈകുന്നേരം, കുണ്ടുതോട് പാരീഷ് ഹാളിൽ, ബഹു. ജോർജ് വരിക്കാശ്ശേരി അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷ പൊതുസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി.

29 രാവിലെ, പി.എം.ഒ.സി. കപ്പേളയിൽ, ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഗ്രാൻഡ് മാസ്റ്റേഴ്സ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി വി. കുർബാന അർപ്പിച്ചു.

കുളത്തുവയൽ നിർമ്മലാ റിട്രീറ്റ് സെന്റർ കപ്പേളയിൽ, സന്യാസത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന എം.എസ്.എം.ഐ. സന്യാസിനികൾക്കായ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

കൂരാച്ചുണ്ടിൽ, പരേതനായ ബാബു തൈക്കുന്നുംപുറത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പരേതന് വേണ്ടി പ്രാർഥിച്ചു.

ഉച്ചകഴിഞ്ഞ്, ക്ലാരിസ്റ്റ് സന്യാസിനി സമൂഹാംഗം പരേതയായ സി. ക്രിസ്പിൻ എഫ്.സി.സി. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഈരൂട് അൽഫോൻസ കോൺവെന്റ് കപ്പേളയിലും സെമിത്തേരിയിലും നേതൃത്വം നൽകി.

വൈകുന്നേരം, പാറോപ്പടി പാരീഷ് ഹാളിൽ, പാറോപ്പടി ഫൊറോന കുടുംബ കൂട്ടായ്മയുടെ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു.

30 ഉച്ചകഴിഞ്ഞ്, പാലാ രൂപതയിലെ മുട്ടുചിറയിൽ, പരേതനായ മാത്യു മറ്റക്കോട്ടിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സ്വഭവനത്തിലും തുടർന്ന്, മുട്ടുചിറ പരിശുദ്ധാത്മ ദൈവാലയത്തിലും സിമിത്തേരിയിലും നേതൃത്വം നൽകി.

## മെയ്

1 രാവിലെ, കൈതപ്പൊയിൽ ലിസ കോളേജ് ഓഡിറ്റോറിയത്തിൽ, എയ്ഡർ എജുക്കെയർ നടത്തിയ തൃദിന അവധിക്കാല പരിശീലന ക്യാമ്പ് 'അഡ്മിനെക്സ് 2026' ൽ പങ്കെടുത്ത കുട്ടികൾക്കായി വി. കുർബാന അർപ്പിക്കുകയും തുടർന്ന്, സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മരുതോങ്കരയിൽ, പരേതയായ റോസമ്മ പെരു

വിലങ്ങാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി.

വൈകുന്നേരം, മുത്തപ്പൻപുഴയിൽ, നവീകരിച്ച മദ്ബഹയുടെ പുനഃകൂദാശ കർമ്മം നിർവഹിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

2 രാവിലെ, കൂരോട്ടുപാറ ഇടവക ദൈവാലയത്തിൽ, ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകുകയും ഇടവകയിലെ ഏതാനും കുട്ടികൾക്ക് ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണം നടത്തുകയും ചെയ്തു.

താമരശ്ശേരി അൽഫോൻസാ ട്രെയിനിങ് ഹാളിൽ, ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ രൂപതാതല ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിച്ചു.

വാലില്ലാപ്പുഴ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശിർവദിച്ച് വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, പൊന്നിയാംകുറിശ്ശിയിൽ, പൊന്നിയാംകുറിശ്ശി ഇടവകയുടെയും താമരശ്ശേരി രൂപതയുടെയും സഹായത്തോടെ നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു.

പൊന്നിയാംകുറുശ്ശി ഇടവക ദൈവാലയത്തിൽ, ഇടവകയുടെ റൂബി ജൂബിലി ആഘോഷ സമാപനത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു. തുടർന്ന് ദൈവാലയത്തിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

അജപാലന സന്ദർശനത്തിന്റെ ഭാഗമായി, കരുവാരകുണ്ട് എസ്.എസ്.എച്ച്. സന്യാസിനി സമൂഹ ഭവനം സന്ദർശിച്ചു.

സന്ധ്യയ്ക്ക്, അജപാലന സന്ദർശനത്തിന്റെ ഭാഗമായി, കരുവാരകുണ്ട് വൈദിക മന്ദിരത്തിൽ താമസിച്ചു.

3 കരുവാരകുണ്ട് ഫൊറോന ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

4 രാവിലെ, പുല്ലാഞ്ഞിമേട് വിനയ ഭവൻ ആശ്രമ ഓഡിറ്റോറിയത്തിൽ ബഹു. ജോർജ്ജ് കുന്നേൽ എം.എസ്.എഫ്.എസിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനിസമൂഹ ജനറലേറ്റിൽ, നവീകരിച്ച കപ്പേളയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ച് വി. കുർബാന അർപ്പിച്ചു.

5 രാവിലെ, മഞ്ഞുവയലിൽ, ബഹു. മാത്യു ചെറുവേലിൽ അച്ചന്റെ പിതാവ് പരേതനായ എബ്രഹാം ചെറുവേലിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി.

കോഴിക്കോട് മദർ ഓഫ് ഗോഡ് കത്തീഡ്രൽ ദൈവാലയത്തിൽ, പരേതനായ തോമസ് പനക്കൽ അച്ചന്റെ ഭൗതികദേഹത്തിൽ അന്തിമോപചാരമർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, എറണാകുളം അങ്കമാലി അതിരൂപതയിലെ കൊല്ലക്കോട് ഇൻഫന്റ് ജീസസ്ദൈവാലയത്തിൽ, ഷേൺസ്റ്റാട്ട് സന്യാസസമൂഹാംഗം പരേതനായ ജിജു കിലുക്കൻ ISch ന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപന ഭാഗങ്ങൾക്ക് അഭിവന്ദ്യ മാർ തോമസ് ചക്യത്ത് മെത്രാനോടൊപ്പം നേതൃത്വം നൽകി.

6 രാവിലെ, തിരുവമ്പാടി എം.എൽ.എ. ശ്രീ. സി. കെ. കാസിമിനെ രൂപത ഭവനിൽ സ്വീകരിച്ചു.

കല്ലുരുട്ടിയിൽ, പരേതനായ ജോഷി മുണ്ടനോലിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

ചേവായൂർ പ്രസന്റേഷൻ സന്യാസിനി സമൂഹ പ്രവശ്യാഭവന കപ്പേളയിൽ, സന്യാസത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പ്രസന്റേഷൻ സന്യാസിനികൾക്കായ് വി. കുർബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

7 രാവിലെ, കോഴിക്കോട് മാവൂർ റോഡിൽ സണ്ണി ഡയമണ്ട്സിന്റെ നവീകരിച്ച ഷോറൂം വെഞ്ചരിച്ചു.

മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ, പരേതനായ ഫാ. ജോർജ് വരങ്ങലക്കുടി എസ്.ജെ. യ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

വൈകുന്നേരം, കൂമുള്ളി ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചിരിക്കുകയും ചെയ്തു. തുടർന്ന് നടന്ന അനുമോദനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

കൊടുവള്ളി എം.എൽ.എ. ശ്രീ. പി.കെ. ഫിറോസിനെ രൂപത ഭവനിൽ സ്വീകരിച്ചു.

റീജൻസി പരിശീലനം പൂർത്തിയാക്കി തുടർ പരിശീലനത്തിനായി പോകുന്ന വൈദികാർത്ഥികളുടെ യാത്രയയപ്പ് യോഗത്തിൽ പങ്കുചേർന്നു.

8 രാവിലെ, പി.എം.ഒ.സി.യിൽ പ്രീകാന കോഴ്സിൽ സംബന്ധിക്കുന്നവർക്കു വേണ്ടി വി. കുർബാന അർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

വൈകുന്നേരം, വേനപ്പാറ ഇടവകയിൽ നടത്തുന്ന പോപ്പുലർ മിഷൻ ധ്യാന സമാപനത്തോടനുബന്ധിച്ച് വചനസന്ദേശം നല്കി.

9 രാവിലെ, മഞ്ചേരി ഇടവക ദൈവാലയത്തിൽ, ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

പന്തല്ലൂർ ഇടവക ദൈവാലയത്തിൽ, ഏതാനും കുട്ടികളുടെ ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

10 രാവിലെ, കക്കയം ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

രൂപത ഭവനിൽ, കെ.സി.വൈ.എം. രൂപത സമിതി അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, അൽഫോൻസ മൈനർ സെമിനാരിയിൽ, താമരശ്ശേരി രൂപതയ്ക്കായി വിവിധ മേജർ സെമിനാരികളിൽ പരിശീലനത്തിലായിരിക്കുന്ന വൈദികാർത്ഥികൾക്ക് ക്ലാസ് എടുത്തു.

വൈകുന്നേരം, ചെറുപുഷ്പ മിഷൻലീഗ് രൂപത ഓഫീസിൽ, രൂപതാ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ചു.

11 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, താമരശ്ശേരി രൂപതയിൽ പരിശീലനത്തിലായിരിക്കുന്ന വൈദികാർത്ഥികളുടെ പൗരോഹിത്യ വസ്ത്ര സ്വീകരണത്തിനും ഹെവ്പദ്യാക്ക്ന യാക്കോബ് തട്ടിലിന്റെ മ്ശംശാനപട്ട സ്വീകരണത്തിനും മുഖ്യകാർമികത്വം വഹിച്ചു.

വൈകുന്നേരം, ജെസ്യൂട്ട് കേരള പ്രൊവിൻസ് പ്രൊവിൻഷ്യൽ ഫാ. ഹെൻറി പട്ടാരുമഠത്തിലിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

12 രാവിലെ, തിരുവമ്പാടി സി.എം.സി പ്രവിശ്യാഭവന കപ്പേളയിൽ, സന്യാസത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന സി.എം.സി സന്യാസിനികൾക്കായ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന്, ഇൻഫന്റ് ജീസസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന അനുമോദന യോഗത്തിൽ പങ്കുചേർന്നു.

വൈകുന്നേരം, കണ്ണോത്ത് പാരീഷ് ഹാളിൽ, വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ 'സ്നേഹസ്പർശം' പ്രൊജക്റ്റ് ഉദ്ഘാടനം ചെയ്തു.

13 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ, സ്വമാതാവ് റോസമ്മ പോൾ ഇഞ്ചനാനിയിലിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

14 രാവിലെ, മരിയാപുരം ഫൊറോന ദൈവാലയത്തിൽ, ഒരു

കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

താമരശ്ശേരി രൂപതയ്ക്കായി വിവിധ മേജർ സെമിനാരികളിൽ പരിശീലനത്തിലായിരിക്കുന്ന വൈദികാർത്ഥികൾക്കായി മാലാപറമ്പ് ഇടവകയിൽ സംഘടിപ്പിച്ച വർക്ക് ക്യാമ്പിൽ പങ്കെടുത്തവരെ സന്ദർശിച്ചു.

വൈകുന്നേരം, മഞ്ഞക്കുന്ന് പള്ളി അങ്കണത്തിൽ, കെ.സി.ബി.സി. വിലങ്ങാട് പുനരധിവാസത്തിന്റെ ആദ്യഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ 70 ഭവനങ്ങളുടെ താക്കോൽദാന കർമ്മവും, രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നിർവഹിച്ച സമ്മേളനത്തിൽ കെ.സി.ബി.സി. പ്രസിഡന്റ് റൈറ്റ് റവ. വർഗീസ് ചക്കാലക്കൽ, തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി, മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം, ശ്രീ. ഹുസൈൻ മടവൂർ എന്നിവരോടൊപ്പം പങ്കെടുത്തു.

15 ഉച്ചയ്ക്ക്, കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്ര കപ്പേളയിൽ, മൂന്നാമത് ഏൽ റൂഹ ബൈബിൾ കൺവെൻഷനിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

16 രാവിലെ, മുക്കം എഫ്.സി.സി. കോൺവെന്റിൽ, സന്യാസത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന എഫ്.സി.സി. സന്യാസിനികൾക്കായ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന്, നടന്ന ആഘോഷങ്ങളിൽ പങ്കുചേർന്നു.

രാവിലെ, പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ, മുണ്ടത്താനം - പുളിമൂട്ടിൽ കുടുംബയോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

മേരിക്കുന്ന് പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റോറിയത്തിൽ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ഇന്റർനാഷണൽ കൗൺസിലേർസ് ട്രെയിനിങ് പ്രോഗ്രാ

മിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന ചടങ്ങിൽ സന്ദേശം നൽകുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ, ശ്രീ. മാത്യു വെട്ടികുഴിച്ചാലിലിന്റെ 90-ാം ജന്മദിനാഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

17 തലയാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19 രാവിലെ, അൽബേനിയ കാത്തലിക് യൂണിവേഴ്സിറ്റി പ്രസിഡന്റ് ഫാ. റുഗ്വേരോ വാലന്റിനിയുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, അൽബേനിയായിലെ തിരാനെ അതിരൂപത ആർച്ച്ബിഷപ് ആര്യൻ ദോദാജുമായി കൂടിക്കാഴ്ച നടത്തി.

22 ബോസ്നിയയിലെ മെഡ്ജുഗോറെ തീർത്ഥാടന കേന്ദ്രം സന്ദർശിച്ചു.

25 വൈകുന്നേരം, പുതുപ്പാടി പാരിഷ് ഹാളിൽ, ഫിലിപ്പ്നേരി സന്യാസിനിസമൂഹ ജനറലേറ്റിന്റെ നേതൃത്വത്തിൽ വി. ഫിലിപ്പ് നേരിയുടെ തിരുനാളിനോടനുബന്ധിച്ച് സംഘടിപ്പിച്ച ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

സ്വർഗ്ഗീയ യാത്രയുടെ 32-ാം വർഷം

(11.06.1994 - 11.06.2026)



# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി

(താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ)




# THAMARAMOTTUKAL

Registered with Registrar of Newspapers of India
RN No. 71212/99 - Date of Publication 30.05.2026














വിലങ്ങാട്
പുനരധിവാസം


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor,
Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673573.
Printed at Alphonsa Offset Press, Near Cathedral Thamarassery, Published at Thamarassery,
Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 28, Issue 06, June 2026, Pages 76